
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം




Vol. 64
No.: 4
April 2021



www.ernakulamarchdiocese.org


ഏപ്രിൽ 24-ാം തിയതി

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്**

എറണാകുളം-അങ്കമാലി അതിരൂപതയുടെ

**തിരുനാൾ ആശംസകൾ !!!**



ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം
BULLETIN

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | കെ.സി.ബി.സി. സർക്കുലർ - കുടുംബവർഷാചരണം |
| 9. | സർക്കുലർ: 2/2021 - കുടുംബവർഷം |
| 12. | കെ.സി.ബി.സി. സർക്കുലർ - നിയമസഭാ തെരഞ്ഞെടുപ്പ് |
| 15. | യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ - ജോസഫ് നീതിമാനായിരുന്നു |
| 19. | സർക്കുലർ: 1/2021 - വിശുദ്ധവാരം |
| 19. | Engagements |
| 20. | കച്ചേരിക്കാര്യം |
| 21. | Transfers/Appointments |
| 25. | AICO News |
| 26. | നിര്യാതരായി |
| 33. | വാർത്തകളും വിശേഷങ്ങളും |
| 35. | Department of Family Apostolate |
| 37. | Department of Bible Apostolate |
| 38. | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി |
| 39. | നൈപുണ്യ ഇന്റർനാഷണൽ |
| 41. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 43. | Department of Catechesis |
| 46. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **4**
Month : **April 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mekkunnel Mathew, Nakapuzha | 1922 | 1952 | 1-4-2008 |
| *Mar Varkey Cardinal Vithayathil, Puthenpally* | *1927* | *1954* | *1-4-2011* |
| Fr. Panikulam Augusthy, Elavoor | 1882 | 1908 | 3-4-1943 |
| Fr. Mavumkal Joseph, Muttam | 1902 | 1930 | 3-4-1995 |
| *Mar Abraham Kattumana, Ullala* | *1944* | *1969* | *4-4-1995* |
| Fr. Kurisumkal Joseph, Kandanad | 1902 | 1934 | 5-4-1983 |
| Fr. Thazhathuruthil Peter, Mevalloor | 1938 | 1967 | 5-4-1997 |
| Fr. Perumalil George, Ullala | 1944 | 1969 | 5-4-2013 |
| Fr. Puthupara Pathrose, Thuravoor | 1873 | 1899 | 7-4-1955 |
| Fr. Chittethazhath Francis, Amballoor | 1878 | 1907 | 8-4-1950 |
| Fr. Kavalakkatt Paul, Kadukutty | 1925 | 1953 | 8-4-2010 |
| Fr. Narayamparambil Mathew, Thuravoor S. | 1924 | 1954 | 10-4-2008 |
| Fr. Koikara Joseph, Kizhakkambalam | | | 12-4-1897 |
| *Magr. Parackal Antony, Angamaly* | *1916* | *1941* | *13-4-2001* |
| Fr. Kattakkakathoot Geevarghese, Moozhikulam | 1859 | 1892 | 15-4-1939 |
| Fr. Thaliath Joseph (K) (Joly), Kanjoor | 1945 | 1970 | 15-4-2017 |
| Fr. Pallippadan Paul, Thuravoor | 1941 | 1967 | 16-4-1985 |
| Fr. Thottankara George, Koodalapad | 1943 | 1969 | 16-4-2016 |
| Fr. Vithayathil Yohannan, Puthenpally | 1862 | 1894 | 17-4-1942 |
| Fr. Thalian George, Vathakkad | 1932 | 1961 | 17-4-2005 |
| Fr. Payyappilly Kochuvarkey, Moozhikulam | 1870 | 1899 | 19-4-1936 |
| Fr. Painadeth Kochupaulo, Karukutty | 1869 | 1894 | 20-4-1934 |
| Fr. Powathil Antony, Thycattussery | 1896 | 1924 | 20-4-1980 |
| Fr. Panikulam Valiya Ittoop, N. Parur | 1884 | 1912 | 22-4-1952 |
| Fr. Padayattil Abraham, Kidangoor | 1926 | 1956 | 23-4-2014 |
| Fr. Kochuparampil George, Thottakam | 1906 | 1933 | 24-4-1982 |
| Fr. Kuttipuram George, Thalayolaparambu | 1930 | 1962 | 24-4-2004 |
| Fr. Narayamparambil Joseph, Thuravoor S. | 1920 | 1945 | 25-4-1999 |
| Fr. Punakat George, Kolengai | 1901 | 1920 | 28-4-1961 |
| Fr. Nettikadan Varghese, Meloor | 1931 | 1957 | 29-4-1999 |
| Fr. Puthuva Joseph, Mookkannoor | 1890 | 1916 | 30-4-1965 |

Ref: 3466/K-5/KCBC/OL/DS 12-03-2021

# കുടുംബവർഷാചരണം

## കെ.സി.ബി.സി. ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

(19/03/2021 - 26/06/2022)

വന്ദ്യവൈദികരേ, ബഹു. സന്ന്യസ്തരേ, വത്സല സഹോദരരേ,

തിരുക്കുടുംബ പാലകനായ വി. യൗസേപ്പിതാവിനെ സാർവ്രതിക സഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച "വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണ'ത്തിലാണല്ലോ തിരുസഭ. ഈ വർഷത്തിൽത്തന്നെ കുടുംബ വർഷാചരണം കൂടി പരിശുദ്ധ പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. ഫ്രാൻസിസ് പാപ്പ കുടുംബങ്ങളുടെ പവിത്രതയും വിവാഹത്തിന്റെ അമൂല്യതയും വ്യക്തമാക്കുന്ന തന്റെ അപ്പസ്തോലിക പ്രബോധനം 'അമോരിസ് ലെത്തീസ്യ' (സ്നേഹത്തിന്റെ ആനന്ദം) പ്രസിദ്ധീകരിച്ചതിന്റെ അഞ്ചാം വാർഷികത്തിലാണ് കുടുംബ വർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. 2021 മാർച്ച് 19-ന് തുടങ്ങി 2022 ജൂൺ 26-ന് റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമത്തോടെ കുടുംബവർഷാചരണം സമാപിക്കും. എല്ലാ രൂപതകളിലും ഇടവകകളിലും മാർച്ച് 19-ാം തീയതിയോ അത് കഴിഞ്ഞ് വരുന്ന ഞായറാഴ്ചയോ സമുചിതമായി കുടുംബവർഷാചരണത്തിന് തുടക്കം കുറിക്കേണ്ടതാണ്.

ഓരോ കുടുംബവും യേശു സ്ഥാപിച്ച സഭയുടെ ചെറുപതിപ്പാണ് അല്ല സഭ തന്നെയാണ്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്ന് വിളിക്കുന്നത്. ക്രൈസ്തവ ജീവിതത്തിന്റെ മൂലക്കല്ലായ കൂട്ടായ്മയുടെ പ്രകടമായ രൂപം കാണുന്നത് കുടുംബത്തിലാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ വീക്ഷണത്തിൽ "ദൈവീക പദ്ധതിയിൽ കുടുംബം സ്ഥാപിച്ചിരിക്കുന്നത് ജീവന്റെയും സ്നേഹത്തിന്റെയും ഒരൊറ്റ കൂട്ടായ്മയായിട്ടാണ്" (കുടുംബം ഒരു കൂട്ടായ്മ നം.17). കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർ പരസ്പരം തങ്ങളെത്തന്നെ ദാനം ചെയ്ത്, വിവാഹ വാഗ്ദാനത്തോട് അനുദിനം വിശ്വസ്തത പുലർത്തിക്കൊണ്ട് തങ്ങളുടെ കൂട്ടായ്മയിൽ നിരന്തരം വളർച്ച പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവം തന്നെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും സ്ഥാപകനും സംരക്ഷകനും ആയതുകൊണ്ട് ഒരു മഹാരഹസ്യമായാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിവാഹത്തെ കാണുന്നത് (എഫേ. 5,32). ഒരർത്ഥത്തിൽ പരിശുദ്ധ ത്രിത്വം ഒരു രഹസ്യമായിരിക്കുന്നതുപോലെ, ത്രിത്വത്തെ വെളിവാക്കുന്ന കുടുംബവും ഒരു രഹസ്യമായി നില കൊള്ളുന്നു. ത്രിത്വൈക രഹസ്യം മഹാരഹസ്യമായി നിലകൊള്ളു മ്പോഴും മാനവരക്ഷയ്ക്കായി അവതാരം ചെയ്യുകയും മാനവർക്ക് ആ രക്ഷ അനുഭവവേദ്യമാവുകയും ചെയ്തതുപോലെ ഓരോ കുടുംബവും സമൂഹത്തിന് നന്മയുടെ ഉറവിടമായി മാറണം. "സന്തോഷത്തിന്റെ സമാധാനം പേറുന്ന കുടുംബങ്ങൾ സഭയ്ക്കും സമൂഹത്തിനും മുതൽ ക്കൂട്ടാവുകയും ഇരുളടഞ്ഞ ലോകത്തിന് പ്രകാശമായി മാറുകയും വേണം' (സ്നേഹത്തിന്റെ ആനന്ദം, നം. 66).

പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന തന്റെ പ്രബോധനത്തിലൂടെ ഓർമ്മിപ്പിച്ച വിവാഹത്തിന്റെയും കുടുംബജീവിത ത്തിന്റെയും വെല്ലുവിളികളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കുവാനും, പല കർമ്മപരിപാടികളിലൂടെയും കുടുംബങ്ങളെ നവീകരിക്കുവാനു മുള്ളതാണ് ഈ കുടുംബവർഷം. തങ്ങളെത്തന്നെ വീണ്ടെടുക്കുവാനും നവീകരിക്കുവാനുമുള്ള ദൗത്യമാണ് പാപ്പ ഓരോ കുടുംബങ്ങൾക്കും ഈ വർഷം നൽകുന്നത്. 'കുടുംബങ്ങളുടെ നവീകരണവും വീണ്ടെ ടുപ്പും' എന്ന ഈ കുടുംബവർഷത്തിന്റെ ലക്ഷ്യത്തിലേക്ക് എത്തി ച്ചേരാൻ അതിരൂപതാ കുടുംബത്തിന്റെയും ഇടവക കുടുംബങ്ങളു ടെയും നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കുകയും വേണം.

കുടുംബജീവിതത്തിന്റെ പവിത്രതയും പഴയ കെട്ടുറപ്പും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ കാലത്ത് വിവാഹതകർച്ചകളും വിവാഹമോചന ങ്ങളും ഏറിവരുന്നുവെന്നത് ദൗർഭാഗ്യകരമായ ഒരു വസ്തുതയാണ്. കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് അതിനായി വേണ്ട ഒരുക്കവും പരിശീലനവുമുണ്ടെങ്കിൽ വിവാഹത്തേയും തുടർ ന്നുള്ള ജീവിതത്തേയും ശക്തിപ്പെടുത്തുവാൻ അത് സഹായകമാകും. പൊതുവായ മതബോധനവും വിവാഹാർത്ഥികളുടെ വ്യക്തിപരമായ ഒരുക്കവും നടക്കുന്നതോടൊപ്പം വിവാഹത്തെക്കുറിച്ചും കുടുംബ ജീവിതത്തെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ പരിശീലന പരിപാടി കൾ സംഘടിപ്പിക്കേണ്ടതാണ്. രൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവാഹ ഒരുക്ക സെമിനാറുകൾക്ക് പുറമേ ഇടവകതലത്തിൽ കൗമാര ക്കാരായ കുട്ടികൾക്ക് വിവാഹ ഒരുക്ക പരിശീലനം നൽകാവുന്നതാണ്.

കുടുംബത്തെ അടിസ്ഥാനപരമായി ഗാർഹിക സഭയായി കാണുമ്പോൾ മാനുഷികവും ധാർമ്മികവുമായ എല്ലാ മൂല്യങ്ങളും വളരേണ്ടതും പക്വത പ്രാപിക്കേണ്ടതും കുടുംബത്തിലാണെന്ന് സഭ അടിവരയിട്ട് പഠിപ്പിക്കുന്നു. നവ മാധ്യമങ്ങളുടെ അതിപ്രസരംമൂലം പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും നന്മകൾ കുടുംബങ്ങളിൽ ശിഥിലമായിക്കൊണ്ടിരിക്കുകയും ഓരോരുത്തരും ഭവനങ്ങളിൽ ഒറ്റപ്പെട്ട തുരുത്തുകളായി മാറുകയും ചെയ്തിട്ടുണ്ട്. ഇക്കാലത്ത് 'മാധ്യമമുക്ത കുടുംബ മണിക്കൂർ' (Digital Free Family Hour) കുടുംബങ്ങളിൽ നടപ്പിലാക്കാൻ ശ്രദ്ധിച്ചാൽ കുടുംബങ്ങൾ പ്രാർത്ഥനയുടെയും പരസ്പരമുള്ള സ്നേഹ സംഭാഷണങ്ങളുടെയും ഇടമായി മാറും. കുടുംബങ്ങളുടെ വീണ്ടെടുപ്പിനും നവീകരണത്തിനുമായി ഇടവകതലത്തിൽ ഈ വർഷം വിവിധങ്ങളായ കുടുംബസംഗമങ്ങൾ നടത്തുന്നത് അഭിലഷണീയമാണ്. വൈദികരുടെയും സന്ന്യസ്തരുടെയും കുടുംബ സംഗമങ്ങൾ, നവദമ്പതിമാരുടെ കുടുംബസംഗമങ്ങൾ, വിവാഹം കഴിഞ്ഞ് പല വർഷങ്ങളിലായിരിക്കുന്നവരുടെ കുടുംബസംഗമങ്ങൾ... ഇത്തരത്തിൽ സംഘടിപ്പിക്കപ്പെടുന്ന കുടുംബസംഗമങ്ങൾ കുടുംബബന്ധങ്ങൾ ഊഷ്മളമാക്കുവാനും ദൃഢമാക്കുവാനും ഉപകാരപ്പെടും.

പ്രത്യേകമായ കരുതലും സ്നേഹവും പരിഗണനയും ആവശ്യപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി അവരെ സന്ദർശിക്കുവാനും ആ കുടുംബങ്ങളെ വീണ്ടെടുക്കുവാനുമുള്ള ശ്രമങ്ങൾ കൂടുതലായും ഈ വർഷം നടത്തപ്പെടണം. വാർദ്ധക്യത്തിന്റെയും രോഗത്തിന്റെയും അസ്വസ്ഥതകൾ അലട്ടുന്ന കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും അവിടെയൊക്കെയും സ്നേഹത്തിന്റെ ആനന്ദം സമ്മാനിക്കാനും കഴിയണം. കുടുംബവർഷത്തിൽ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകണം. ഇടവകകളിൽ പ്രോ-ലൈഫ് സമിതികൾക്ക് രൂപം നൽകുകയും ജീവനെതിരെയുള്ള എല്ലാ തിന്മകൾക്കും നേരെ ജ്വലിക്കുന്ന ശബ്ദമായി മാറുകയും വേണം.

ഇടവകകളിലെ വലിയ കുടുംബങ്ങളെ കണ്ടെത്തി സാധ്യമാകുന്ന വേദികളിൽ ആദരിക്കുകയും, സാമ്പത്തിക പരാധീനതകൾ നേരിടുന്ന വലിയ കുടുംബങ്ങളെ സഹായിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും വേണം. വിവാഹ പ്രായമെത്തിയ യുവതീ-യുവാക്കളെ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വിവാഹപ്രായം കഴിഞ്ഞിട്ട് വിവാഹിതരാകാതിരിക്കുന്നവർക്ക് പ്രത്യേക കരുതൽ നൽകുകയും വേണം. വിവാഹം ഒരു കൂദാശയായി സ്വീകരിക്കാതെ പാപാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങളെ വീണ്ടെടുക്കുവാൻ

പരിശ്രമിക്കണം. വിവാഹ മോചന കേസുകളിൽ തീർപ്പു കൽപ്പിച്ചു കിട്ടുന്നതിന് ഉത്സാഹം കാട്ടാനും ബദ്ധശ്രദ്ധരാകണം. കുടുംബവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ ഫോറങ്ങൾക്ക് രൂപം നൽകുകയും, അവ സജീവമായി പ്രവർത്തിക്കാനുള്ള പരിശീലനങ്ങളും തുടർപരിപാടികളും ക്രമീകരിക്കുകയും ചെയ്യണം. അതുപോലെ തന്നെ കുടുംബവുമായി ബന്ധപ്പെട്ട് ഓർത്തിരിക്കേണ്ട ദിനങ്ങൾ അതിപ്രാധാന്യത്തോടെ അനുസ്മരിക്കുകയും, ആഘോഷിക്കുകയും, ക്രിയാത്മകമായി സംഘടിപ്പിക്കുകയും ചെയ്യണം.

കുടുംബം ഒരു വിളിയും ഉത്തരവാദിത്വവുമാണ്. കുടുംബങ്ങളിലെ പ്രശ്നങ്ങളെ തലനാരിഴ കീറി പരിശോധിക്കുന്നതിനെക്കാൾ അവർക്കൊപ്പമുണ്ട് എന്ന ഉറപ്പ് നൽകാനാകണം. ഇന്ന് സഭ വളരേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും കുടുംബങ്ങളുടെ വിശുദ്ധീകരണം വഴിയാണ്. "കുടുംബജീവിതം നയിക്കുന്നവർക്ക് അവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ വീണ്ടെടുപ്പല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതെ, കുടുംബത്തിന്റെ പാതയാണ് സഭയുടെ പാത" (വി. ജോൺപോൾ രണ്ടാമൻ). ആത്മീയമായും ഭൗതികമായും കുടുംബങ്ങളെ വീണ്ടെടുക്കുന്ന ഒരു വർഷമായി ഈ വർഷം മാറട്ടെയെന്നും അതുവഴി യഥാർത്ഥ സ്നേഹവും ആനന്ദവും ഓരോ കുടുംബങ്ങളിലും നിറയട്ടെയെന്നും പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശിസുകളോടെ,

**ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി**
(ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ,കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

.........................................

N:B: ഈ സർക്കുലർ ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**സർക്കുലർ: 2/2021**

# കുടുംബവർഷം 2021

സ്നേഹ ബഹുമാനപ്പെട്ട വൈദികരേ,

കുടുംബവർഷാചരണത്തെ സംബന്ധിച്ച് കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ സർക്കുലർ ഇതോടൊപ്പമുള്ളത് ശ്രദ്ധിച്ചുകാണുമല്ലോ. കുടുംബവർഷാചരണത്തിന്റെ പ്രസക്തിയും ഈ വർഷം ഇടവകതലത്തിൽ ചെയ്യാവുന്ന കാര്യങ്ങളും സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതയിൽ കുടുംബവർഷാചരണത്തിന് നേതൃത്വം നൽകുവാൻ അതിരൂപതാ കുടുംബപ്രേഷിത കേന്ദ്രത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അവർ നിർദ്ദേശിക്കുന്ന വിവിധ പ്രോഗ്രാമുകൾ താഴെ ചേർക്കുന്നു.

1) നിറവ്: ഈ വർഷത്തെ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷകളുടെ ആപ്തവാക്യമായ "സ്ത്രീ-പുരുഷ പൂരകത്വം ദാമ്പത്യ ശ്രേഷ്ഠതയ്ക്ക്" എന്നതിനെ അടിസ്ഥാനമാക്കിയുള്ള ദമ്പതീ പരിശീലന പരിപാടിയാണ് "നിറവ്." വിവാഹത്തിന്റെ 25 വർഷം വരെയുള്ള ദമ്പതികൾക്കായി ഇടവകതലത്തിൽ ഈ ക്ലാസ് നൽകുന്നു.

2) അനുയാത്ര: ദാമ്പത്യത്തിന്റെ ആദ്യ വർഷത്തിൽ യുവദമ്പതികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഓൺലൈൻ പരിപാടിയിലൂടെ നൽകുന്നു. യുവദമ്പതികളെ അനുയാത്ര ചെയ്യണം എന്ന പരിശുദ്ധ പിതാവിന്റെ നിർദ്ദേശത്തിന്റെ ആവിഷ്ക്കാരമാണ് ഈ മുന്നേറ്റം.

3) പങ്കാളി മിഷൻ 30+: വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന യുവജനങ്ങളുടെ പ്രത്യേകിച്ച് യുവാക്കളുടെ എണ്ണം സഭയെ ആശങ്കപ്പെടുത്തുന്നു. ഈ അവസ്ഥ ഭാവിയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്, പ്രത്യേകിച്ച് ജനസംഖ്യ അനുപാതത്തിന്റെ കാര്യത്തിൽ. ഇവർക്ക് നൽകേണ്ട പ്രത്യേക അജപാലന ശുശ്രുഷയോടൊപ്പം 'പങ്കാളി' (അതിരൂപത മാട്രിമണി) യുടെ ആഭിമുഖ്യത്തിൽ സഭയിലെ യുവ

ജനപ്രസ്ഥാനങ്ങളോട് ചേർന്ന് കർമപദ്ധതികൾ രൂപീകരിക്കാൻ ആഗ്രഹിക്കുന്നു.

4) പ്രൊ-ലൈഫ് പ്രവർത്തനങ്ങൾ: ജീവൻ എന്ന മഹാദാനം അതിന്റെ ഏതവസ്ഥയിലും സംരക്ഷിക്കപ്പെടേണ്ടതാണ്. ജീവനെ ഹനിക്കുന്ന എല്ലാ തിന്മകൾക്കുമെതിരെ ശരിയായ ബോധവൽക്കരണം ആഴത്തിൽ നല്കാൻ ഈ കുടുംബ വർഷം ഉപയോഗപ്പെടുത്തേണ്ടതാണ്.

5) വലിയ കുടുംബം കൈത്താങ്ങ് പദ്ധതി: കൂടുതൽ മക്കളുള്ള ദമ്പതികൾക്ക് ധാർമീകവും ആത്മീയവുമായ കൈതാങ്ങ് നല്കാൻ സഭ ബാധ്യസ്ഥയാണ്. അവർക്കാവശ്യമായ അജപാലന ശുശ്രൂഷയും മറ്റ് പ്രോത്സാഹനങ്ങളും യഥാവിധി രൂപീകരിക്കുവാൻ ഈ കുടുംബവർഷാചരണം നമ്മെ ഓർമപ്പെടുത്തുന്നു.

6) കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കുള്ള അജപാലനശുശ്രൂഷ: മക്കളില്ലാത്ത ദമ്പതികളുടെ അജപാലനശുശ്രൂഷ കുടുംബശുശ്രൂഷയുടെ ഭാഗമാണ്. അവർക്കായുള്ള പ്രത്യേക ആത്മീയശുശ്രൂഷകളും അനുയാത്ര രീതികളും രൂപീകരിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

7) ഏകസ്ഥ കൂട്ടായ്മ: ഏകസ്ഥ ജീവിതം വിളിയായി സ്വീകരിച്ചവരുടെ ആത്മീയവും മാനസികവുമായ ശാക്തീകരണം സാധ്യമാക്കാൻ അവരുടെ കൂട്ടായ്മകൾ രൂപീകരിക്കാൻ ഈ വർഷം ഉപയോഗപ്പെടുത്താം.

8) ഗ്രെയ്സ് റിപ്പിൾസ് യൂണിറ്റ് രൂപീകരണം: ദമ്പതീ പരിശീലന പരിപാടിയായ ഗ്രെയ്സ് റിപ്പിൾസ് ഇല്ലാത്ത ഇടവകകളിൽ പുതിയ പരിശീലന യൂണിറ്റ് സ്ഥാപിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

9) വൈധവദാമ്പത്യം: അതിരൂപതയിലെ വിധവകളെ ശാക്തീകരിക്കുന്നതിനുള്ള മുന്നേറ്റമാണ് യൂദിത്ത് ഫോറം കൂട്ടായ്മ. ഈ കൂട്ടായ്മയുടെ ഘടകങ്ങൾ ഇടവകകളിൽ രൂപീകരിച്ച് വിധവകളായവരുടെ ജീവിതത്തിന് ശക്തിയും പ്രതീക്ഷയും നൽകാം.

10) ശ്രേഷ്ഠ വാർദ്ധക്യം: വാർദ്ധക്യത്തെ ഏറ്റവും ക്രിയാത്മകവും സന്തോഷപ്രദവും കൃപ നിറഞ്ഞതുമാക്കുവാനുള്ള കൂട്ടായ്മകളും

ഉൾകാഴ്ചകളും മുതിർന്ന പൗരന്മാർക്ക് നൽകുവാൻ വേണ്ട പദ്ധതികളും മാർഗങ്ങളും ഇടവകതലത്തിൽ ആവിഷ്കരിക്കാൻ ഈ വർഷം സാധിക്കേണ്ടതുണ്ട്.

11) മാധ്യമമുക്ത കുടുംബ മണിക്കൂർ (Digital Free Family Hour): മാധ്യമങ്ങളുടെ അതിപ്രസരം രൂക്ഷവും കുടുംബബന്ധങ്ങളെ ശിഥിലമാക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ മാധ്യമമുക്ത കുടുംബ മണിക്കൂർ ആചരണം എന്തുകൊണ്ടും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

12) ഗ്രാൻഡ് പാരന്റ്സ് ദിനാഘോഷം (ജൂലൈ 26): എല്ലാ വർഷവും ജൂലൈ 26 ഗ്രാൻഡ് പാരന്റ്സ് ദിനമായി ആഘോഷിക്കുന്നു. ഗ്രാൻഡ് പാരന്റ്സിനെ ആദരിച്ചുകൊണ്ട് ഈ ആഘോഷം കുടുംബങ്ങളിൽ കൊണ്ടാടേണ്ടതാണ്.

13) അമോരിസ് ലെത്തീസ്യ കുടുംബധ്യാനം: ശ്രേഷ്ഠ ദാമ്പത്യ രൂപീകരണത്തിനായി ഇടവകതലത്തിൽ മൂന്ന് ദിവസങ്ങളിലായി (വൈകുന്നേരങ്ങൾ) കുടുംബങ്ങൾക്കുവേണ്ടി നടത്തുന്നധ്യാനം.

കുടുംബവർഷത്തെ ആഘോഷമാക്കുവാൻ അതിരൂപതാ കുടുംബ പ്രേഷിതകേന്ദ്രം ഒരുക്കുന്ന പരിപാടികൾ ഇടവകതലത്തിൽ നടപ്പിലാക്കാൻ പരിശ്രമിക്കേണ്ടതാണ്. അതിരൂപതാ കുടുംബ പ്രേഷിത കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വളരെ സജീവമായി പ്രവർത്തിച്ചുവരുന്ന ഗ്രെയ്സ് റിപ്പിൾസ്, മിഷണറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ് ദമ്പതി കൂട്ടായ്മകളെ ഇടവകകളിൽ വേണ്ടവിധം പരിചയപ്പെടുത്താനും പ്രോത്സാഹിപ്പിക്കുവാനും ശ്രദ്ധിക്കുമല്ലോ. അങ്ങനെ പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നതുപോലെ കുടുംബം സ്നേഹത്തിന്റെയും വിശുദ്ധിയുടെയും വിളനിലമാകാൻ നമുക്ക് കൂട്ടായി യത്നിക്കാം.

**ഫാ. ഹോർമിസ് മൈനാട്ടി**

**എറണാകുളം-അങ്കമാലി അതിരൂപതാ സിഞ്ചെല്ലൂസ്**

Ref: 785 /KCBC/K-6/KPR/DS 18-03-2021

# കേരള നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെ.സി.ബി.സി. നല്കുന്ന പ്രസ്താവന

കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് എല്ലാ രാഷ്ട്രീയ പാർട്ടികളോടും മുന്നണികളോടും തുറന്ന സമീപനമാണ് ഉള്ളത്. പാർട്ടികളും മുന്നണികളും മുന്നോട്ടുവയ്ക്കുന്ന വികസന പദ്ധതികളും ജനനന്മയ്ക്കായിട്ടുള്ള കർമ്മപരിപാടികളും വിലയിരുത്തി അനുയോജ്യരായ നല്ല സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കാൻ സഭാംഗങ്ങളും സന്മനസ്സുള്ള എല്ലാവരും തയ്യാറാകണമെന്നതാണ് സഭയുടെ താത്പര്യം. കേരളത്തിന്റെ പൊതുനന്മ എന്ന മുഖ്യലക്ഷ്യം മുൻനിറുത്തി വോട്ടു രേഖപ്പെടുത്താൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്. സമ്മതിദാനാവകാശം രേഖപ്പെടുത്തുകയെന്നത് പൗരന്മാരുടെ ഉത്തരവാദിത്വമാണ്. അത് നിർവഹിച്ചുകൊണ്ട് രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ എല്ലാവരും ക്രിയാത്മകമായി സഹകരിക്കാൻ തയ്യാറാകണം.

പലകാര്യങ്ങളിലും ഭാരതത്തിലെ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം അലങ്കരിക്കുകയും മാതൃക ആയിരിക്കുകയും ചെയ്യുന്നതുപോലെ ഭാരതത്തിലെ രാഷ്ട്രീയപ്രവർത്തനത്തിനും കേരളജനത മാതൃകയാകേണ്ടതാണ്. സ്വതന്ത്രമായും രാജ്യനന്മയെ കരുതിയുള്ള ശരിയായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും സമ്മതിദായകർ വോട്ട് രേഖപ്പെടുത്തുന്നതാണ് പക്വതയാർന്ന രാഷ്ട്രീയ പ്രവർത്തനം. ഇടുങ്ങിയ സാമുദായിക-വർഗീയ-മത-പാർട്ടി ചിന്തകൾക്കതീതരായി പ്രവർത്തിക്കുന്ന ജനപ്രതിനിധികളെയാണ് കേരളത്തിന് ആവശ്യം. സമൂഹത്തിൽ ഏറ്റവുമധികം ദാരിദ്ര്യവും ക്ലേശവും അനുഭവിക്കുന്നവരുടെ അടിസ്ഥാനാവശ്യങ്ങൾക്ക് മുൻഗണന നല്കുന്ന നേതാക്കൾ മാത്രമേ, ഫ്രാൻസിസ് പാപ്പ തന്റെ ചാക്രികലേഖനമായ 'ഫ്രത്തെല്ലി തൂത്തി'യിൽ പറയുന്നതുപോലെ, 'ഉപവിയുടെ രാഷ്ട്രീയ'ക്കാരാകൂ.

ജനങ്ങൾ നിരന്തരം ഉന്നയിക്കുന്ന വിഷയങ്ങൾ ഗൗരവമായികണ്ട് പരിഹാര പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നവരെയാണ് ജനം തെരഞ്ഞെടുക്കേണ്ടത്. അത്തരം ചില വിഷയങ്ങൾ താഴെ ചേർക്കുന്നു.

1. മതസാംസ്കാരിക, സമുദായിക പാരമ്പര്യങ്ങൾ അനുസരിച്ച് സമാധാനപൂർവം മുന്നേറാൻ എല്ലാവർക്കും അവസരം സൃഷ്ടിക്കുക.
2. മതസൗഹാർദം നിലനിർത്താനുതകുന്ന തുറന്ന സമീപനങ്ങൾ സൃഷ്ടിക്കുക.
3. മതേതര മൂല്യങ്ങൾക്ക് ഒട്ടുംതന്നെ കുറവു വരാതിരിക്കാൻ ശ്രദ്ധിക്കുക.
4. ദളിത് ക്രൈസ്തവർക്ക് സംവരണംപോലുള്ള ന്യായമായ അവകാശങ്ങൾ ഉറപ്പ് വരുത്തുക.
5. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുകയും നിയമനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുകയും ചെയ്യുക.
6. കർഷകർക്കും മത്സ്യതൊഴിലാളികൾക്കും നിർമ്മാണ തൊഴിലാളികൾക്കും ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും എന്നല്ല അതിഥി തൊഴിലാളികൾക്കും സംരക്ഷണവും ന്യായമായ വേതനം ലഭിക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങളും നടത്തുക.
7. മലയോരകർഷകരുടെ കൃഷിക്കും സ്വത്തിനും സംരക്ഷണം നൽകുക.
8. കൃഷിഭൂമികളും ജനവാസകേന്ദ്രങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക.
9. കടൽത്തീരസംരക്ഷണത്തിനുവേണ്ടിയുള്ള ഭിത്തി നിർമ്മാണം നടപ്പിലാക്കുക.
10. സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാനേജുമെന്റുകൾക്ക് നീതിയുക്തമായ പ്രവർത്തന സ്വാതന്ത്ര്യം ലഭ്യമാക്കുക.
11. മുന്നോക്ക സമുദായങ്ങളിൽ നിന്നുള്ളവർക്ക് ഏർപ്പെടുത്തിയ സംവരണം നടപ്പിലാക്കുമ്പോൾ പിന്നോക്ക സമുദായങ്ങളുടെ സംവരണത്തിനു കുറവു വരുത്താത്തവിധം ക്രമീകരണങ്ങൾ നടപ്പിലാക്കുക.
12. കോഴയും അഴിമതിയും സ്വജനപക്ഷപാതവും ഒഴിവാക്കി സത്ഭരണം സാധ്യമാക്കുക.

അനേക കാലങ്ങളായി ക്രൈസ്തവസമൂഹത്തിന് ന്യായമായ ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുകയായിരുന്നു. ഇക്കാര്യങ്ങൾ രാഷ്ട്രീയനേതൃത്വങ്ങളുടെ ശ്രദ്ധയിലേക്ക് ഇതിനകം പലവട്ടം കൊണ്ടുവന്നിട്ടുള്ളതാണ്. ക്രൈസ്തവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീ

കരിക്കുകയും പിന്നോക്കക്കാരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ആവശ്യങ്ങളെ മാനിക്കുകയും ചെയ്യുന്നവർക്ക് പിന്തുണ നല്കി അവരെ പൊതുസമൂഹത്തിൽ ഭരണാധികാരികളായി പ്രതിഷ്ഠിക്കുവാൻ ക്രൈസ്തവർ പരിശ്രമിക്കുമെന്നതിൽ സംശയമില്ല. ഇന്നത്തെ സാഹചര്യത്തിൽ ക്രൈസ്തവരെയും ഇതര മതവിശ്വാസികളെയും സമുദായങ്ങളെയും സഹകരിപ്പിക്കുകയും സമന്വയിപ്പിക്കുകയും ചെയ്തുകൊണ്ട് നാടിന്റെ നന്മയ്ക്ക് ഉതകുന്ന പ്രവർത്തനം കാഴ്ചവയ്ക്കുമെന്ന് ഉറപ്പുള്ളവർക്കാണ് സന്മനസ്സുള്ള എല്ലാവരും തങ്ങളുടെ സമ്മതിദാനം നിർവഹിക്കേണ്ടത്.

**കാർഡിനൽ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

## നാമഹേതുകത്തിരുനാൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. ഹോർമീസ് മൈനാട്ടി**
**സിഞ്ചല്ലൂസ്**

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 3

# ജോസഫ് നീതിമാനായിരുന്നു (മത്തായി 1.19)

*ഫാ. ഹോർമിസ് മൈനാട്ടി*

വി. മത്തായിയുടെ സുവിശേഷമാണ് ജോസഫിനെ നീതിമാനായി അവതരിപ്പിക്കുന്നത്. ഈ സുവിശേഷം മുന്നോട്ട് വയ്ക്കുന്ന നീതിയെക്കുറിച്ചുള്ള പ്രത്യേകമായ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ വേണം ജോസഫിന്റെ നീതി ബോധത്തെ മനസ്സിലാക്കാൻ. വി. മത്തായിയുടെ സുവിശേഷത്തിൽ ജോസഫിനെ നാം ആദ്യമായി കാണുന്നത് വലിയൊരു പ്രതിസന്ധിയുടെ നടുവിലാണ്. യൗസേപ്പുമായി വിവാഹനിശ്ചയം ചെയ്തിരുന്ന മറിയം അവർ സഹവസിക്കുന്നതിനു മുൻപു ഗർഭവതിയായി കാണപ്പെട്ടു. യഹൂദ പാരമ്പര്യം അനുസരിച്ച് അതിനുള്ള ശിക്ഷ കല്ലെറിഞ്ഞ് കൊല്ലുക എന്നതാണ്. യൗസേപ്പിന് നിയമാനുസൃതം മറിയത്തെ മരണശിക്ഷയ്ക്ക് വിട്ടുകൊടുക്കാം. പക്ഷേ, മറിയത്തെ അപമാനിക്കാൻ മനസ്സില്ലാത്ത യൗസേപ്പ് അവളെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ ആഗ്രഹിച്ചു. നിയമാനുസൃതമായതുപോലും വേണ്ടന്നുവച്ച്, മറിയത്തോട് കാരുണ്യവും ഔദാര്യവും കാണിക്കുന്നിടത്താണ് യൗസേപ്പ് ദൈവസന്നിധിയിൽ നീതിമാനായിത്തീരുന്നത്.

നിനക്ക് മറ്റൊരാളോട് നിയമാനുസൃതമായി പെരുമാറാം. രാഷ്ട്രത്തിന്റെയും മതത്തിന്റെയും നിയമങ്ങൾ നിന്നെ അതിന് അനുവദിച്ചെന്നുവരാം. പക്ഷേ, അത്തരം പ്രവർത്തനങ്ങളൊന്നും ദൈവസന്നിധിയിൽ നിന്നെ നീതിമാനാക്കണമെന്നില്ല. നിയമാനുസൃതവും തനിക്ക് അവകാശപ്പെട്ടതുംകൂടി വേണ്ടെന്നുവച്ച്, മറിയത്തോട് കാരുണ്യവും ഔദാര്യവും കാണിക്കുന്നിടത്താണ് യൗസേപ്പ് നീതിമാനായി പരിഗണിക്കപ്പെടുന്നത്. നിന്റെ ശത്രുവിനെ, നിന്റെ കടക്കാരനെ അപമാനിക്കാതിരിക്കുക, അവനോട് പ്രതികാരം ചെയ്യാതിരിക്കുക, ഒരുപടികൂടി കടന്ന് അവനോട് കരുണയും ഔദാര്യവും കാണിക്കുക. അപ്പോൾ നീ പ്രതിഫലിപ്പിക്കുന്നത് ദൈവത്തിന്റെ നീതിയാണ്, കാരുണ്യമാണ്.

ജോസഫിനു മറിയത്തെ നിയമത്തിനു വിട്ടുകൊടുക്കാമായിരുന്നു, കല്ലെറിഞ്ഞ് കൊല്ലപ്പെടാൻ. അത് യഹൂദനിയമം അംഗീകരിക്കുന്ന കാര്യമാണ്. പക്ഷേ, ക്രൂരമായ ആ വഴി വേണ്ടന്നുവെച്ച് മറിയത്തെ രഹസ്യ

മായി ഉപേക്ഷിക്കുക എന്ന കാരുണ്യത്തിന്റെ വഴി സ്വീകരിച്ചു. പക്ഷേ, അതുപോലും ദൈവഹിതമായി മാറുന്നില്ല. ദൈവഹിതം ജോസഫ് മറിയത്തെ ഭാര്യയായി സ്വീകരിക്കണമെന്ന് തന്നെയാണ്. നാം ഏറ്റവും ഉദാരമായി പ്രവർത്തിച്ചു എന്ന് ചിന്തിക്കുന്നതുപോലും ദൈവഹിതത്തിനു അടുത്തെത്തണമെന്നില്ല. ദൈവം ആഗ്രഹിക്കുന്നതു നമ്മൾ ചിന്തിക്കുന്നതിലും വലിയ കരുണയാണ്. അതുകൊണ്ട് നീതിപൂർവം പ്രവർത്തിക്കുന്നതിനു നാം അന്വേഷിക്കേണ്ടത് ദൈവഹിതം എന്താണ് എന്നാണ്.

മറിയത്തിൽ സംഭവിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം വലിയൊരു ദൈവിക പദ്ധതിയുടെ ഭാഗമാണെന്നു മനസ്സിലാക്കുമ്പോൾ ഉപേക്ഷിച്ച് പോകാൻ ആഗ്രഹിച്ച മറിയത്തിന്റെയും അവളിൽ നിന്നും ജനിക്കാൻ പോകുന്ന കുഞ്ഞിന്റെയും കാവൽക്കാരനും സംരക്ഷകനുമാകാനുള്ള ഉത്തരവാദിത്തം യൗസേപ്പ് ഏറ്റെടുക്കാൻ തയാറാകുകയാണ്. അത് അദ്ദേഹത്തെ ദൈവസന്നിധിയിൽ നീതിമാനാക്കിത്തീർക്കുന്നു. നിയമാനുഷ്ഠാനത്തേക്കാൾ ഉപരിയായി ജീവിതത്തിലൂടനീളം ദൈവഹിതത്തിനു കാതോർക്കുന്നവനാണ് യൗസേപ്പ്. സ്വപ്നങ്ങളിലൂടെ ദൈവം അദ്ദേഹത്തെ നയിച്ചു. നമ്മുടെ യുക്തിക്ക് നിരക്കാത്തതാണെന്ന് ഒറ്റനോട്ടത്തിൽ തോന്നാവുന്ന കാര്യങ്ങൾ പോലും ദൈവീകപദ്ധതിയുടെ ഭാഗമായി കാണാൻ കഴിഞ്ഞവനാണ് യൗസേപ്പ്. ലാഭനഷ്ടത്തെക്കുറിച്ച് ചിന്തിക്കാതെ ദൈവേഷ്ടത്തിന് തന്നെതന്നെ സമർപ്പിച്ചവൻ. അപ്പോഴാണ് യൗസേപ്പ് ദൈവസന്നിധിയിൽ നീതിമാനായിത്തീരുന്നത്.

മറ്റുവാക്കുകളിൽ നിയമത്തിന് അതീതമായ നീതി പാലിച്ചതുകൊണ്ടാണ് യൗസേപ്പ് നീതിമാനായി പരിഗണിക്കപ്പെട്ടത്. നിയമം അനുശാസിക്കുന്നത് ചെയ്താൽ മതിയായിരുന്നു അദ്ദേഹത്തിന്. എന്നാൽ, നിയമത്തിനു അതീതമായ നീതി പ്രവർത്തിച്ചു. മറിയത്തെ നിയമത്തിന് വിട്ടുകൊടുത്ത് അപമാനിതയാക്കിയില്ല എന്നുമാത്രമല്ല, മറിയത്തിന്റെയും കുഞ്ഞിന്റെയും സംരക്ഷണത്തിനായി തന്റെ ജീവിതം തീറെഴുതി കൊടുത്തു. നീതിമാൻ വെറും നിയമാനുഷ്ഠാനം നടത്തുന്നവനല്ല. അതിനുമപ്പുറം കരുണ കാണിക്കുന്നവനാണ്.

മലയിലെ പ്രസംഗത്തിൽ യേശു ആവശ്യപ്പെടുന്നത് നാം വെറും നിയമമനുസരിച്ച് പ്രവർത്തിക്കുന്നവരായാൽ പോരാ, കൂറെക്കൂടി ഔദാര്യം കാണിക്കുന്നവരാകണമെന്നാണ്. വലത്തുകരണത്തടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ചുകൊടുക്കുക. നിന്നോടു വ്യവഹരിച്ച് നിന്റെ ഉടുപ്പു കരസ്ഥമാക്കാനുദ്യമിക്കുന്നവന് മേലങ്കികൂടി കൊടുക്കുക. ഒരുമൈൽ

ദൂരംപോകാൻ നിന്നെ നിർബന്ധിക്കുന്നവനോടുകൂടെ രണ്ടു മൈൽ ദൂരം പോകുക (മത്തായി 5.39-41). ഒരു മൈൽ ദൂരം മറ്റൊരാൾക്കുവേണ്ടി ഭാരം വഹിക്കുകയെന്നത് യഹൂദനിയമം ആവശ്യപ്പെടുന്ന കാര്യമാണ്. അത് വെറും കടമ നിർവഹിക്കലാണ്. അതിൽ പുണ്യമൊന്നുമില്ല. പക്ഷേ, അവനുവേണ്ടി ഒരു മൈൽകൂടി പോകാൻ തീരുമാനിക്കുമ്പോൾ അത് പുണ്യമാണ്. ആ ഔദാര്യമാണ് ദൈവസന്നിധിയിൽ പുണ്യമായി പരിഗണിക്കപ്പെടുന്നത്. ഈ അർത്ഥത്തിൽ ക്രിസ്തുശിഷ്യൻ രണ്ടാം മൈലിലെ യാത്രക്കാരാകണമെന്നാണ് യേശു തന്റെ മലയിലെ പ്രസംഗത്തിലൂടെ ആഹ്വാനം ചെയ്യുന്നത്. യൗസേപ്പ് വെറും കടമനിർവഹിച്ചവനോ അക്ഷരാർത്ഥത്തിൽ നിയമം നിറവേറ്റിയവനോ അല്ല. മറിച്ച്, ഔദാര്യത്തിന്റെ, കാരുണ്യത്തിന്റെ രണ്ടാം മൈലിൽ യാത്ര ചെയ്തവനാണ്. ഉപേക്ഷിക്കാൻ തീരുമാനിച്ച മറിയത്തിന്റെയും കുഞ്ഞിന്റെയും സംരക്ഷകനും കാവൽക്കാരനുമാകാൻ തീരുമാനിച്ചിടത്താണ് യൗസേപ്പിതാവിന്റെ നീതിയുടെ ആഴം നമുക്ക് കാണാനാവുക.

സ്വർഗ്ഗീയ പിതാവിന്റെ സവിശേഷമായ നീതിബോധത്തോടെ ജീവിച്ചതുകൊണ്ടാണ് യൗസേപ്പ് നീതിമാനായി പരിഗണിക്കപ്പെടുന്നത്. ഈ അർത്ഥത്തിൽ "ജോസഫ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഈ മണ്ണിലെ നിഴൽ" എന്ന ഫ്രാൻസിസ് മാർപാപ്പയുടെ പരാമർശം ഏറ്റവും പ്രസക്തമായി തോന്നുന്നു. കർശനമായ നീതി നടപ്പിലാക്കുന്നതിലൂടെ സ്വയം നീതീകരിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം വി. യൗസേപ്പിന്റെ സവിശേഷമായ നീതിബോധം ഒരു വീണ്ടുവിചാരത്തിനുള്ള അവസരമാണ്. കർശനമായ നീതി നടപ്പിലാക്കുന്നതിലൂടെ എത്രയോ പേരെയാണ് നമ്മിൽ നിന്നും അകറ്റുന്നതും ശത്രുക്കളാക്കുന്നതും. രാഷ്ട്രത്തിന്റെയും മതത്തിന്റെയും നിയമങ്ങൾ ഒരു പക്ഷേ കർശനമായ നീതി നടപ്പാക്കുന്നതിന് അനുവദിച്ചേക്കാം. പക്ഷേ, അത് നമ്മെ ദൈവസന്നിധിയിൽ നീതിമാന്മാരാക്കണമെന്നില്ല. യൗസേപ്പിനെപ്പോലെ ദൈവസന്നിധിയിൽ നീതിമാന്മാരായി പരിഗണിക്കപ്പെടാൻ ഒറ്റവഴിയേ ഉള്ളു, നമ്മുടെ നീതി ഫരിസേയരുടെ നീതിയെ അതിലംഘിക്കുന്നതാവണം. നിയമം അനുശാസിക്കുന്ന കടമ നിർവഹിക്കുന്നവരായാൽ പോരാ, കരുണയാലും ഔദാര്യത്താലും രണ്ടാം മൈലിൽ യാത്ര ചെയ്യുന്നവരായി നാം മാറണം.

എസ്.എച്ച്. ലീഗ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച *വിശുദ്ധ യൗസേപ്പ് പിതാവും ഗുരുവും* (എഡിറ്റർ: ഫാ. മാർട്ടിൻ കല്ലുങ്കൽ) എന്ന ഗ്രന്ഥത്തിൽനിന്ന്.

**സർക്കുലർ: 01/2021**

കോവിഡ് പശ്ചാത്തലത്തിൽ വിശുദ്ധവാര തിരുക്കർമ്മങ്ങൾക്കുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നു.


1) **വിശുദ്ധവാരം** – വിശുദ്ധവാര തിരുക്കർമ്മങ്ങൾ പതിവു സമയത്തുതന്നെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്താവുന്നതാണ് (സാമൂഹ്യഅകലം, പങ്കെടുക്കുന്നവരുടെ എണ്ണം, സാനിറ്റൈസേഷൻ etc.). സർക്കാരിന്റെ പ്രത്യേക നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടായാൽ അതു പാലിക്കേണ്ടതാണ്.
2) **ക്രിസം മാസ്സ്** – കോവിഡ് സാഹചര്യമായതിനാൽ എല്ലാ വൈദികരും ഒത്തുചേർന്നുള്ള ക്രിസം മാസ്സ് ഈ വർഷം ഉണ്ടായിരിക്കില്ല. വിശുദ്ധ തൈലം ഓശാന കഴിഞ്ഞുള്ള ചൊവ്വാഴ്ച മുതൽ അതിരൂപതാ കച്ചേരിയിൽനിന്നും ലഭിക്കുന്നതാണ്.
3) **പെസഹാ വ്യാഴം** – പതിവിൽനിന്ന് വ്യത്യസ്തമായി അന്നേ ദിവസം വൈദികർക്ക് ഒന്നിലധികം വി. കുർബാനകൾ അർപ്പിക്കാവുന്നതാണ്. എല്ലാ വിശ്വാസികൾക്കും വി. കുർബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ പ്രത്യേക അനുവാദം സഭ നൽകിയിരിക്കുന്നത്. കൂടുതൽ കുർബാനകൾ അർപ്പിക്കുന്ന അവസരത്തിൽ അവസാനത്തെ കുർബാനയ്ക്കുശേഷം പെസഹാ ആരാധന ആരംഭിച്ചാൽ മതിയാകും.
- കാൽ കഴുകൽ ശുശ്രൂഷ പ്രധാന ദിവ്യബലിയോടനുബന്ധിച്ചു മാത്രം നടത്തിയാൽ മതി. പാദങ്ങൾ ചുംബിക്കുന്നത് ഒഴിവാക്കാവുന്നതാണ്. നേർച്ചയായി അൽമായർ കാൽ കഴുകൽ ശുശ്രൂഷ നടത്തുന്ന പതിവുള്ള ഇടവകകളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്താവുന്നതാണ്.
- പൊതു ആരാധനയ്ക്കുശേഷം വിശ്വാസികൾക്കായി പള്ളികളിൽ നടത്താറുള്ള പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷ ഒഴിവാക്കേണ്ടതാണ്.

4) **കുമ്പസാരം** – എല്ലാവർക്കും കുമ്പസാരിക്കുവാനുള്ള സൗകര്യം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഒരുക്കേണ്ടതാണ്. പെസഹാ വ്യാഴാഴ്ചയ്ക്കു മുൻപ് രണ്ടോ മൂന്നോ ദിവസങ്ങൾക്കു പുറമെ കൂടുതൽ ദിവസങ്ങൾ കുമ്പസാരത്തിനായി ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് (യൂണിറ്റ്/പ്രായം അടിസ്ഥാനത്തിൽ).

ഉയിർപ്പ് തിരുനാൾ ആശംസകളോടെ,

ഫാ. ഹോർമിസ് മൈനാട്ടി
സിഞ്ചെല്ലൂസ്
15-03-2021


# ENGAGEMENTS



## George Cardinal Alencherry
**Archbishop**

### APRIL 2021

| | | | |
|---|---|---|---|
| 1 | am | Basilica, Ekm. | Holy Thursday - Holy Qurbana |
| 3 | pm | Basilica, Ekm. | Easter - Holy Qurbana (11:45 pm) |
| 8 | am | Arakkuzha | Declaration of Major Archiepiscopal church |
| 10 | am | Mallussery | Jubilee celebrations - St. Francis Assisi Sisters |
| 14 | am | Edapplly | Holy Qurbana at Vincentian House |
| 19 | am | Kottayam | Programme at Deepika |
| 21 | am | Mount St. Thomas | Benefactor’s Day |
| 25 | am | Thazhekad | First Holy Communion |
| 30 | am | Karukutty | Tomb Opening Ceremony of Mother Mary Celin CMC |



## Archbishop Antony Kariyil
**Vicar of the Major Archbishop**

### APRIL 2021

| | | | |
|---|---|---|---|
| 5 | pm | Basilica, Ekm. | Holy Mass |
| 6 | pm | Basilica, Ekm. | Holy Mass |

| | | | |
|---|---|---|---|
| 7 | am | Basilica, Ekm. | Baptism |
| 10 | am | Meloor | Jubilee Celebration |
| 11 | am | Basilica, Ekm. | Eye donation Camp Inauguration |
| 26 | pm | Minor Seminary | Vestition |
| 27 | am | Clarapuram, Aluva | Holy Mass (Golden Jubilee) |
| 29 | am | Chowara | CMC Novitiate - Vestition |
| 30 | am | Karukutty | Tomb Opening Ceremony of Mother Mary Celin CMC |

* * * * *

# കച്ചേരിക്കാര്യം

## വിശുദ്ധ തൈലം

പള്ളികളിലേക്കുള്ള വിശുദ്ധ തൈലം ഓശാന കഴിഞ്ഞുള്ള ചൊവ്വാഴ്ച മുതൽ അതിരൂപതാ കച്ചേരിയിൽനിന്നും ലഭിക്കുന്നതാണ്.

## സ്വതന്ത്ര ഇടവകയായി ഉയർത്തി

കാൽവരി (മുന്നൂർപിള്ളി) സെന്റ് ജോർജ് പള്ളിയുടെ കുരിശുപള്ളിയായിരുന്ന **ഏഴാറ്റുമുഖം സെന്റ് തോമസ്** പള്ളിയെ **BO/EZTGM/3** നമ്പർ കല്പനയിലൂടെ ആർച്ചുബിഷപ് മാർ ആന്റണി കരിയിൽ പിതാവ് **2021 മാർച്ച് 07-ാം** തീയതി സ്വതന്ത്ര ഇടവകയായി ഉയർത്തി.

ചാൻസലർ

# Transfers/Appointments

**March 2021** (Already effected)

**Rev. Fathers**

| | |
|---|---|
| Bharanikulangara Paul (Jino) | Relieved - KLM - Archdiocesan Dir. + Naivedya Ayurveda Hospital Asst. Dir. (Addl). |
| Chully Paul | DCMS Dir. |
| Edassery Vipin RCJ | Relieved - Karukutty Asst. |
| Kallely Augustine | Sadhu Sevana Sabha - Director |
| Kallookkaran Vimal (Paul) RCJ | Relieved - Kavaraparambu Asst. |
| Kannatt Thomas | INFARM - Archdiocesan Dir. |
| Kannampuzha Joseph (Reju) | Angamaly L.F. Hospital Joint Director |
| Karachira Jose | Cable Nagar (Addl.) |
| Kollamkudy Rocky | Angamaly L.F. Hospital Asst. Dir |
| Koluthuvellil Joseph | Relieved - INFARM - Archdiocesan Dir. |
| Koottunkal Job | Medical Leave (Relieved - Koovappadam) |
| Koroth Jacob | Koovappadam (Addl.) |
| Maippan Thomas (Ancil) | KLM - Archdiocesan Dir. + Naivedya Ayurveda Hospital Asst. Dir. (Addl). |
| Marottikudy Jacob | Angamaly Subodhana Spiritual Director |
| Njaliath Varghese Msgr. | Priests' Home, Edakkunnu |
| Pottackal Varghese | Relieved - Sadhu Sevana Sabha Director |
| Pottoly Sebastian | Naipunnya International, Asst. Dir. (Addl.) |
| Thaiparambil Varghese (Assin) | Relieved - Cable Nagar |
| Thekkinezhath Varghese (Renson) | Pushpagiri - Help |
| Velutheppilly Vinu RCJ | Angamaly Resident Priest (Apr.) |

**Chancellor**

# ഇമ്മാനുവേൽ ക്രിസ്റ്റീൻ സെന്റർ

എറണാകുളം-അങ്കമാലി അതിരൂപതയുടെ അംഗീകാരത്തോടെ അത്മായരുടെ നേതൃത്വത്തിൽ കുട്ടികളുടെയും യുവാക്കളുടെയും പരിശീലനത്തിനും, ധ്യാനത്തിനും വേണ്ടി മലയാറ്റൂർ അടിവാരത്ത് സ്ഥാപിതമായ ഇമ്മാനുവേൽ ക്രിസ്റ്റീൻ സെന്റർ മാർച്ച് 3-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവ് ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു.

ഇമ്മാനുവേൽ ക്രിസ്റ്റീൻ മിനിസ്റ്ററി എന്ന പേരിൽ 20 കൊല്ല ത്തോളമായി പ്രവർത്തിക്കുന്ന അത്മായരുടെ ഈ ധ്യാന ടീം കൂട്ടായ്മ കേരളത്തിലും പുറത്തും, പള്ളികളിലും സ്കൂളുകളിലു മായി നൂറു കണക്കിനു ധ്യാനം നടത്തിയിട്ടുണ്ട്. കഴിഞ്ഞ 12 കൊല്ല മായി ഈ കൂട്ടായ്മയുടെ ആദ്ധ്യാത്മിക പിതാവായി ഇവരെ നയിച്ചു കൊണ്ടിരിക്കുന്നത് അതിരൂപതാ വൈദികനായ റവ. ഡോ. സെബാ സ്റ്റ്യൻ തേയ്ക്കാനത്ത് അച്ചനാണ്. ടീം അംഗങ്ങളിൽ ഒരാൾ ദാന മായി നല്കിയ സ്ഥലത്താണ് അച്ചന്റെയും ടീം അംഗങ്ങളുടെയും കൂട്ടായ പരിശ്രമത്തിന്റെയും ഫലമായി മൂന്നുനിലകളിലുള്ള കേന്ദ്രം പണി കഴിപ്പിച്ചിട്ടുള്ളത്. 150 പേർക്ക് താമസിച്ച് ധ്യാനപരിപാടികളിൽ പങ്കെടുക്കാൻ സാധിക്കും. ഈ സെന്ററിൽ ഏകദിന പരിപാടികളും താമസിച്ചുള്ള ധ്യാനങ്ങളും സംഘടിപ്പിക്കും. സഭയോടു ചേർന്ന് നിന്ന്, ഈ കാലഘട്ടത്തിനു ചേർന്ന വിധത്തിൽ വചനശുശ്രൂഷ കൾ നടത്തി വരും തലമുറയെ വിശ്വാസത്തിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പേരുടെ സഹായസഹകരണത്തോ ടെയാണ് ഈ സെന്റർ സ്ഥാപിച്ചിരിക്കുന്നത്.

# New Office-Bearers

## Congregation of St. Therese of Lisieux (CST Brothers)

### General Team

| | | |
|---|---|---|
| Superior General | - | Bro. Varghese Manjaly CST |
| Vicar General | - | Bro. Thomas Karondukadavil CST |
| Auditor General | - | Bro. Simon Cheramallookaran CST |
| Councilors | - | Bro. Varghese Ponnakuzhy CST |
| | | Bro. Saji Kalabukatt CST |
| Finance Officer | - | Bro. George Pattassery CST |

## Congregation of Sisters of Charity (CSC)

### De Paul Province, Potta

| | | |
|---|---|---|
| Provincial Superior | - | Sr. Maneesha CSC |
| Vicar Provincial | - | Sr. Pio CSC |
| Councilors | - | Sr. Sudha CSC |
| | | Sr. Seema Paul CSC |
| | | Sr. Sudheepa CSC |
| Provincial Auditor | - | Sr. Placid CSC |

## Assisi Sisters of Mary Immaculate (ASMI)

### St. Joseph's Province, Vaduthala

| | | |
|---|---|---|
| Provincial Superior | - | Sr. Jaya Francis |
| Vice-Provincial | - | Sr. Cletty Francis |
| Councilors | - | Sr. Camilla |
| | | Sr. Dhanya |
| Provincial Auditor | - | Sr. Resmi Francis |

# Congregation of the Holy Family (CHF)

## Jeevodaya Province, Aluva

| | | |
|---|---|---|
| Provincial Superior | - | Sr. Rose Mary CHF |
| Vicar Provincial | - | Sr. Betty Louis CHF |
| Provincial Councilors | - | Sr. Rose Jose CHF |
| | | Sr. Maria Paul CHF |
| | | Sr. Maria Catherin CHF |
| Provincial Auditor | - | Sr. Daya Mathew CHF |
| Provincial Tresurer | - | Sr. Riya Jose CHF |
| Provincial Secretary | - | Sr. Delna CHF |

***Congratulations and Prayerful wishes to the New Office-Bearers***

---

## മാർ എബ്രാഹം കാട്ടുമന പിതാവിന്റെ 26-ാം ചരമവാർഷികം



മാർ എബ്രാഹം കാട്ടുമന പിതാവിന്റെ ചരമവാർഷികദിനമായ ഏപ്രിൽ 4 ഞായറാഴ്ചയായതിനാൽ ഏപ്രിൽ 06-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും.

**ഫാ. ഹോർമീസ് മൈനാട്ടി**
**സിഞ്ചല്ലൂസ്**

# AICO
## (Archdiocesan Institutions' Central Office)

AICO യുടെ പുതിയ ഡയറക്ടറായി വെരി റവ. ഡോ. ജോസ് പുതിയേടത്ത് ചുമതലയേറ്റു. മംഗലപ്പുഴ പള്ളി വികാരിയായി സ്ഥലം മാറ്റം ലഭിച്ച റവ. ഫാ. സേവ്യർ തേലക്കാട്ടിന് പുതിയ ഡയറക്ടറും സ്റ്റാഫംഗങ്ങളും യാത്രയയപ്പ് നൽകി.

മാർച്ച് 9-ന് ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ AICO യുടെ ബോർഡ് മീറ്റിങ്ങ് നടത്തി.

ഫെബ്രുവരി 25-ന് തൃക്കാക്കര നൈപുണ്യ പബ്ലിക് സ്കൂളിന്റെ പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള ഇന്റർവ്യു നടന്നു.

**കൺസ്ട്രക്ഷൻ കമ്മിറ്റി/സൈറ്റ് മീറ്റിംഗ്**

| | |
|---|---|
| മാർച്ച്- 9 | എറണാകുളം ലിസി ആശുപത്രി |

**സൈറ്റ് വിസിറ്റ്**

| | |
|---|---|
| മാർച്ച്-15 | തൃക്കാക്കര നൈപുണ്യ പബ്ലിക് സ്കൂൾ |
| മാർച്ച്-16 | കറുകുറ്റി മാർ ലുയിസ് |

ചൂണ്ടി ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ മാർച്ച് 1, 2 നും നടന്ന കോൺക്രീറ്റിങ്ങിനും മാർച്ച്- 11 നു നടന്ന ബിൽ വെരിഫിക്കേഷനും, AICO യിൽ നിന്നുള്ള എഞ്ചിനീയർപങ്കെടുത്തു.

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**



# നിര്യാതരായി

## ഫാ. സെബാസ്റ്റ്യൻ പൈനാടത്ത്



**ജനനം: 23-10-1948**
**തിരുപ്പട്ടം: 18-12-1973**
**മരണം: 27-02-2021**

ബഹുമാനപ്പെട്ട പൈനാടത്ത് സെബാസ്റ്റ്യൻ അച്ചൻ 1948 ഒക്ടോബർ 23-ാം തീയതി കറുകുറ്റി ഇടവകയിലെ പൈനാടത്ത് ആന്റണി- ത്രേസ്യാക്കുട്ടി ദമ്പതികളുടെ എട്ടു മക്കളിൽ ഒരാളായി ജ നിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസജീവിതത്തിൽ വളർന്ന അച്ചൻ, സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് ആലുവ കാർമ്മൽഗിരി-മംഗലപ്പുഴ സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1973 ഡിസംബർ 18-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ മേലൂർ, മലയാറ്റൂർ ഇടവകകളിൽ സഹവികാരിയായും തുടർന്ന്, എളവൂർ, പൊതി, പല്ലംതുരുത്ത്, മരുത്തോർവട്ടം, കോക്കുന്ന്, എളംകുളം, കൊറ്റമം, മൂക്കന്നൂർ, ചേന്ദമംഗലം എന്നീ ഇടവകകളിൽ വികാരിയായും അജപാലന ശുശ്രൂഷ നിർവഹിച്ചു. 2015 ഫെബ്രുവരി മാസം മുതൽ കാഞ്ഞൂർ കിഴക്കുംഭാഗം പള്ളിയിൽ പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചു വരവേയാണ് പൈനാടത്ത് അച്ചൻ, കരൾ സംബന്ധമായ അസുഖത്തെതുടർന്ന് 72-ാം വയസ്സിൽ, 2021 ഫെബ്രുവരി 27-ാം തീയതി, ശനിയാഴ്ച, വൈകുന്നേരം 3.30 ന് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ വച്ച് ഈ ലോകത്തോട് വിടപറഞ്ഞത്.

ലാളിത്യത്തിലൂടെയും ആഴമേറിയ ആത്മീയതയിലൂടെയും നമുക്കേവർക്കും പ്രിയങ്കരനായി മാറിയ സ്നേഹബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പൈനാടത്ത് അച്ചന്റെ മൃതദേഹസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് അതിരൂപത മെത്രാപ്പോലീത്തൻ വികാരി അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മാർ തോമസ് ചക്യത്ത് പിതാവ്, പെ. ബ. ജോസ് ഇടശ്ശേരിയച്ചൻ, പൈനാടത്തച്ചന്റെ സഹ

പാഠിയായ ബ. പോൾ മണവാളൻ അച്ചൻ, കുടുംബാംഗമായ ബഹു. വിൽസൺ പൈനാടത്ത് അച്ചൻ എന്നിവർ സഹകാർമ്മികരായിരുന്നു.

ഒരു വൈദികന്റെ ഏറ്റവും പ്രധാനപ്പെട്ട കടമയാണ് സുവിശേഷം വായിക്കുക, ജീവിക്കുക, പകർന്നു കൊടുക്കുക എന്നത്. ദീർഘകാലത്തെ തന്റെ വൈദിക ജീവിതത്തിൽ ഈ ഉത്തരവാദിത്വം സ്നേഹത്തോടും വിശ്വസ്തതയോടും കൂടി പൂർത്തിയാക്കി എന്നതിന്റെ സൂചനയായി പൈനാടത്ത് സെബാസ്റ്റ്യൻ അച്ചന്റെ ബന്ധുവായ ബഹു. വിൽസൺ പൈനാടത്ത് അച്ചൻ, സെബാസ്റ്റ്യൻ അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചു. പെ. ബ. ജോസ് ഇടശ്ശേരി അച്ചനാണ് വിശുദ്ധ കുർബാന മധ്യേയുള്ള തിരുവചന സന്ദേശം നൽകിയത്. തന്റെ വചനസന്ദേശത്തിൽ നാട്ടുകാരനായ ഇടശ്ശേരിയച്ചൻ ഒരു വിശുദ്ധ വൈദികനെയാണ് നമ്മൾ യാത്രയാക്കുന്നതെന്ന് ഊന്നിപ്പറഞ്ഞു.

1231 പാദുവായിൽ വിശുദ്ധ ആന്റണി മരിച്ചപ്പോൾ, അനിതരസാധാരണമായ വിശുദ്ധിയുള്ള അദ്ദേഹത്തെ ഒരു വർഷത്തിനുള്ളിൽ പരിശുദ്ധ പിതാവ് വിശുദ്ധനായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ നാവ് പിന്നീട് അക്ഷയമായി കണ്ടെത്തി. വിശുദ്ധ ബൊനവെഞ്ചൂർ അതെടുത്ത് വാഴ്ത്തി. 'ഭാഗ്യപ്പെട്ടവനേ, നീ എത്ര പ്രാവശ്യം ദൈവസ്തുതി പാടി.' സെബാസ്റ്റ്യൻ അച്ചന്റെ മരണവാർത്ത കേട്ടവരൊക്കെ പറഞ്ഞ ഒരു വാചകം അച്ചൻ വിശുദ്ധനാണ് എന്നാണ്. സുവിശേഷമായി മാറിയ അനുഭവമാണ് അച്ചൻ ജീവിച്ച എല്ലാ ഇടവകകളിലും അച്ചനുമായി അടുത്ത് ഇടപെട്ട എല്ലാവർക്കും പറയാനുണ്ടായിരുന്നത്. വിശുദ്ധ അന്തോണീസിന്റെ ജീവിതത്തിലെ വാചകം പൂർണമായും അന്വർത്ഥമാണ്. ഒന്നും ചോദിക്കാതിരിക്കുക, യാതൊന്നും നിഷേധിക്കാതിരിക്കുക സെബാസ്റ്റ്യൻ അച്ചന്റെ ജീവിതശൈലി അതായിരുന്നു.

മരണത്തിനായി ജീവിതത്തെ പൈനാടത്തച്ചൻ മനോഹരമായി ഒരുക്കി. സുവിശേഷം ആയിത്തീർന്ന സെബാസ്റ്റ്യൻ അച്ചനെ ഒന്നും ഭയപ്പെടുത്തിയിരുന്നില്ല. സൈക്കിൾ ആണ് അച്ചന്റെ ജീവിതത്തിന്റെ ഐശ്വര്യം. എളംകുളം ഇടവകയിൽ നിന്ന് അച്ചൻ മാറിപോയപ്പോൾ അച്ചനോട് പറഞ്ഞു: 'അച്ചന്റെ മോശം സൈക്കിൾ കൊടുക്കുമോ? എന്തുകൊണ്ടാണ് അങ്ങനെ ചോദിച്ചതെന്ന് ചോദിച്ചപ്പോൾ പറഞ്ഞു. 'അച്ചൻ വിശുദ്ധനാണ്, തിരുശേഷിപ്പ് സൂക്ഷിക്കാനാണ്.' അദ്ദേഹത്തിന്റെ സംഭാഷ

ണവും മറുപടിയും ഒന്നും ആലോചിച്ചു പറയുന്നതല്ലെങ്കിലും വരുന്നതെല്ലാം പുണ്യമായിരുന്നു. സത്യം തുറന്നു പറയാൻ ഭയമില്ലായിരുന്നു. ആരെയും സുസ്മേരവദനനായി സന്തോഷത്തോടെ സ്വീകരിക്കുന്ന വ്യക്തിത്വമായിരുന്നു അച്ചന്റേത്. ലാളിത്യത്തിന്റെ മറുപേര്, ആരോടും പരിഭവങ്ങളില്ല. അജപാലകരുടെ പാഠപുസ്തകമാണ് അച്ചൻ. ഇനിയും പഠിക്കേണ്ടതുണ്ട്. അൾത്താരയിലെ അദ്ദേഹത്തിന്റെ ലാളിത്യത്തിന്റെ വാക്കുകൾക്ക് വിശദീകരണങ്ങൾ ആവശ്യമില്ല. അച്ചൻ പറയുന്ന വാക്കും, അച്ചന്റെ ജീവിതവും വേർതിരിച്ചു കാണാനാവില്ല. അതിനാൽ, ഘോരഘോരം പ്രസംഗിച്ചിരുന്നില്ല. തന്റെ രോഗാവസ്ഥയിൽ പോലും മറ്റുള്ളവരെ ആശ്വസിപ്പിച്ചിരുന്നു അച്ചൻ.

ഇരുട്ടിള്ളിടത്ത് പ്രകാശവും സന്ദേഹമുള്ളിടത്ത് സന്തോഷവും വിതച്ച അച്ചൻ മനസ്സിലാക്കപ്പെടുന്നതിനെക്കാൾ മനസിലാക്കി സ്നേഹിക്കാനും ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ ആശ്വസിപ്പിക്കാനും നിരന്തരം പരിശ്രമിച്ചു. അച്ചന്റെ മറ്റൊരു പ്രത്യേകത 'indifference' ആണ്. ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിന്റെ അല്ലാതെ ജീവിക്കാൻ, എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവനെ പോലെ ജീവിക്കാൻ ഒരു വൈദികൻ നിസംഗത കാത്തുസൂക്ഷിക്കണമെന്ന് ശഠിച്ചിരുന്നു അച്ചൻ. അച്ചനെ നമ്മൾ കൂടുതൽ പഠിക്കണം. അച്ചനെക്കുറിച്ച് ജീവചരിത്രം എഴുതപ്പെടണം. സെബാസ്റ്റ്യൻ അച്ചാ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നു പറഞ്ഞാണ് ഇടശ്ശേരിയച്ചൻ ചരമപ്രസംഗം അവസാനിപ്പിച്ചത്.

മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവ് സെബാസ്റ്റ്യനച്ചനെക്കുറിച്ച് സംസാരിച്ചു. തന്റെ ആടുകൾക്ക് എപ്പോഴും സംലഭ്യമാകുന്ന അച്ചന്റെ അഭിഗമ്യത എല്ലാ അജപാലകർക്കും മാതൃകയാണെന്ന് പിതാവ് പറഞ്ഞു. വിശുദ്ധനെന്ന് ജനങ്ങളുടെ അംഗീകാരം ലഭിച്ച വ്യക്തിയായ സെബാസ്റ്റ്യനച്ചൻ, ശാന്തതയും വിനയവും സമർപ്പണവും കൊണ്ട് ജനഹൃദയങ്ങളെ കീഴടക്കിയെന്ന് പിതാവ് പറയുകയുണ്ടായി.

വിശുദ്ധമായ സാന്നിധ്യത്തിലൂടെയും പ്രാർത്ഥനയും ലാളിത്യവും കരുതലും വിസ്മയകരമായ വിധം സമ്മേളിച്ച സുകൃതജീവിതത്തിലൂടെയും സെബാസ്റ്റ്യൻ പൈനാടത്ത് അച്ചൻ നിർവഹിച്ച പൗരോഹിത്യ ശുശ്രൂഷ വഴി സഭയ്ക്കും സമൂഹത്തിനും പ്രത്യേകമായി നമ്മുടെ അതിരൂപതയ്ക്കും ദൈവം നൽകിയ അനുഗ്രഹങ്ങളെയോർത്ത് നമുക്ക് നന്ദി പറയാം. പ്രിയപ്പെട്ട സെബാസ്റ്റ്യനച്ചാ, വിശുദ്ധനായ അങ്ങയെ ഞങ്ങൾ

യാത്രയാക്കുന്നു. അച്ചന്റെ നിശബ്ദമായ സാന്നിധ്യം ഞങ്ങളുടെ ഓർമ്മകളെ നിറയ്ക്കട്ടെ, അച്ചന്റെ ആശ്വസിപ്പിക്കുന്ന വാക്കുകൾ ഞങ്ങളുടെ കാതുകളിൽ മുഴങ്ങട്ടെ, അച്ചന്റെ ലളിതമായ ജീവിതം ഞങ്ങളെ നിരന്തരം വെല്ലുവിളിക്കട്ടെ.

■

## ഫാ. ജോസഫ് കോട്ടയ്ക്കൽ



**ജനനം: 30-06-1935**
**തിരുപ്പട്ടം: 18-10-1961**
**മരണം: 16-03-2021**

ബഹുമാനപ്പെട്ട കോട്ടക്കൽ ജോസഫ് അച്ചൻ 1935 ജൂൺ 30-ാം തീയതി കവരപ്പറമ്പ് ഇടവകയിലെ കോട്ടക്കൽ പൗലോ-അന്നം ദമ്പതികളുടെ ആറ് മക്കളിൽ ഒരാളായി ജനിച്ചു. സ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, ആലുവ കാർമ്മൽഗിരി സെമിനാരി, റോമിലെ പ്രോപ്പഗാന്ത കോളേജ് എന്നിവിടങ്ങളിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി, 1961 ഒക്ടോബർ 18-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. മേലൂർ ഇടവകയിൽ സഹവികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച ബഹു. ജോസഫ് കോട്ടക്കൽ അച്ചൻ, നായത്തോട്, ചേന്ദമംഗലം, ചെങ്ങമനാട്, ഇല്ലിത്തോട് എന്നീ ഇടവകകളിൽ വികാരിയായും  ഞാറക്കൽ, മലയാറ്റൂർ, കാലടി എന്നീ ഇടവകകളിൽ റസിഡന്റ് പ്രീസ്റ്റായും അജപാലന ശുശ്രൂഷ നിർവഹിച്ചു. കൂടാതെ, നിവേദിത, എളവൂർ യാനം എന്നിവിടങ്ങളിലും അച്ചൻ ആത്മീയശുശ്രൂഷ ചെയ്തു. റോമിലെ ഗ്രിഗോരിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ  ഡോക്ടറേറ്റു നേടിയ കോട്ടക്കൽ അച്ചൻ അതിരൂപതാ മൈനർ സെമിനാരി വൈസ് റെക്ടറായും പിന്നീട് വടവാതൂർ സെമിനാരിയിൽ 31 വർഷം ബൈബിൾ പ്രൊഫസ്സറായും സേവനം ചെയ്തിട്ടുണ്ട്. എടക്കുന്ന് പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിച്ചുവന്ന ബ. കോട്ടയ്ക്കലച്ചൻ, വാർദ്ധക്യസഹജമായ അസുഖങ്ങളെതുടർന്ന് 85-ാം വയസ്സിൽ, 2021 മാർച്ച് 16-ാം തീയതി, ചൊവ്വാഴ്ച, ഉച്ചകഴിഞ്ഞ്

2.30-ന് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ വച്ച് ഈ ലോക ത്തോട് വിടപറഞ്ഞ്, സ്വർഗ്ഗീയ പിതാവിന്റെ വസതിയിലേക്ക് യാത്രയായി. മാർച്ച് 17-ാം തീയതി സ്വഭവനത്തിൽ പൊതുദർശനത്തിന് വച്ച അച്ചന്റെ മൃതദേഹത്തനരികിൽ ഏറെ വൈദികർ വന്ന് ഒപ്പീസ് ചൊല്ലി.

സീറോമലബാർ സഭാ കാര്യാലയത്തിലെ കൂരിയ ബിഷപ് മാർ മാത്യു വാണിയപ്പുരയ്ക്കൽ, കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തികണ്ടത്തിൽ, ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ, തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നീ പിതാക്കന്മാർക്കു പുറമെ, ഇതര രൂപതകളിൽനിന്നുള്ള ധാരാളം ശിഷ്യഗണങ്ങളും സന്ന്യസ്തരും കോട്ടയ്ക്കലച്ചന്റെ ഭൗതികശരീരം സന്ദർശിക്കുവാനെത്തിച്ചേർന്നു.

അച്ചന്റെ മൃതദേഹസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് അഭിവന്ദ്യ ആന്റണി കരിയിൽ പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മി കത്വം വഹിച്ചത്. പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ തോമസ് ചക്യത്ത്, കോട്ടയം വടവാതൂർ സെമിനാരി റെക്ടർ ബ. സ്കറിയ കന്യാകോണിലച്ചൻ, കോട്ടക്കൽ അച്ചന്റെ ബന്ധുവായ ബ. സെബാസ്റ്റ്യൻ പാലാട്ടിയച്ചൻ എന്നിവരും പിതാവിനോടൊപ്പം സഹ കാർമ്മികരായിരുന്നു.

ഒരു വൈദികന്റെ ഏറ്റവും പ്രധാനപ്പെട്ട കടമകളിലൊന്നാണ് സുവി ശേഷം വായിക്കുക, ജീവിക്കുക, പകർന്നു കൊടുക്കുക എന്നത്. ദീർഘ കാലത്തെ തന്റെ വൈദിക ജീവിതത്തിലൂടെ വചനം ആഴത്തിൽ പഠി ക്കുകയും സെമിനാരികളിലും മറ്റും വചനം പങ്കുവയ്ക്കുകയും ചെയ്ത തിലൂടെ ഈ ഉത്തരവാദിത്വം സ്നേഹത്തോടും വിശ്വസ്തതയോടും കൂടി കോട്ടയ്ക്കലച്ചൻ പൂർത്തിയാക്കി. ജോസഫ് കോട്ടയ്ക്കൽ അച്ചന്റെ ശിഷ്യനായ, അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ ഡയറക്ടർ ബ. വർഗ്ഗീസ് പൊട്ടയ്ക്കൽ അച്ചൻ വചന സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു: 85 വർഷങ്ങൾക്കപ്പുറത്ത് തെളിച്ചുവച്ച വലിയൊരു പ്രകാശഗോപുരം ഇന്ന് അണയുകയാണെങ്കിലും ആ പ്രകാശം നമ്മെ തമ്പുരാന്റെ പ്രകാശത്തിലേക്ക് നയിക്കുന്നുവെന്ന വലിയൊരു സത്യം നമുക്കാശ്വാസ

മാണ്. കോട്ടയ്ക്കലച്ചൻ 59 വർഷം ഒരു പുരോഹിതനായി ജീവിച്ചു. അച്ചൻ വളരെ അഭിമാനത്തോടെ പറയുമായിരുന്ന ഒരു കാര്യമാണ് 31 വർഷത്തോളം അധ്യാപകനായി സേവനം ചെയ്ത വടവാതൂർ സെമിനാരിയെപ്പറ്റി. ഇരുപതോളം പേർ മെത്രാന്മാരുള്ള വലിയൊരു ശിഷ്യ സമൂഹം തനിക്കുണ്ടെന്ന് അഭിമാനിക്കുകയും അവരുടെ വളർച്ചയിൽ ഏറെ സന്തോഷിക്കുകയും ചെയ്യുന്ന ഒരു ജീവിതമാണ് അച്ചന്റേത്.

കേരളസമൂഹത്തിന്റെ പൗരോഹിത്യശുശ്രൂഷയിൽ അടയാളപ്പെടുത്തിയ ജീവിതമാണ് ബഹുമാനപ്പെട്ട കോട്ടക്കലച്ചന്റേത്. ഏകദേശം 1500-ലധികം വരുന്ന വൈദികരിലൂടെ ദൈവത്തിന്റെ സ്നേഹം പകർന്നു കൊടുക്കാൻ കോട്ടക്കലച്ചന് കഴിഞ്ഞു. ഹൃദ്യമായ ഇടപെടൽ, സ്നേഹത്തോടെയുള്ള സംഭാഷണം, ഹൃദയബന്ധം സൂക്ഷിക്കുന്ന വ്യക്തിത്വം. അതുകൊണ്ടുതന്നെ കാലമെത്ര കഴിഞ്ഞാലും ഓർമ്മയിൽ നിന്ന് മായാത്ത, എന്നും മനസ്സിൽ കാത്തുസൂക്ഷിക്കുന്ന പുഞ്ചിരിക്കുന്ന മുഖമായി കോട്ടക്കലച്ചൻ ഉണ്ടാവും. അച്ചനെക്കുറിച്ചുള്ള മനോഹരചിത്രം ഇങ്ങനെ സംഗ്രഹിക്കാം; ഒരു കൈയിൽ തുറന്നുവച്ച വിശുദ്ധ ഗ്രന്ഥം, മറുകൈയിൽ കൃഷിചെയ്യാനുള്ള വിത്തുകൾ. വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള അഗാധപാണ്ഡിത്യമുള്ള അച്ചൻ വളരെ മനോഹരമായി അത് വ്യാഖ്യാനിക്കുന്നു; പഠിപ്പിക്കുന്നു. അതോടൊപ്പം ആ വിശുദ്ധ ഗ്രന്ഥം ജീവിക്കാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. പ്രകൃതിയെ സ്നേഹിക്കണമെന്നും പ്രകൃതി പാഠപുസ്തകമാകണമെന്നും പ്രകൃതിയാണ് ആദ്യവെളിപാടെന്നും പഠിപ്പിക്കുകയും കാണിച്ചു തരുകയും ചെയ്ത ദൈവിക വ്യക്തിത്വമാണ് അച്ചന്റേത്.

ഹൃദയത്തിന്റെ നൈർമല്യത കാത്തുസൂക്ഷിച്ച കോട്ടയ്ക്കലച്ചൻ ആരോടും വഴക്ക് മനസ്സിൽ സൂക്ഷിക്കാറില്ല. ഓരോ വ്യക്തിയുടെയും വളർച്ചയിൽ അഭിമാനിക്കുന്ന, അവരെക്കുറിച്ച് സന്തോഷിക്കുന്ന, പരിഭവങ്ങളില്ലാതെ എല്ലാവരെയും സ്നേഹിക്കുന്ന കോട്ടയ്ക്കലച്ചന് ജീവിതത്തിൽ കൃത്യമായ ദർശനം ഉണ്ടായിരുന്നു. അച്ചൻ എപ്പോഴും പറയും നമ്മുടെ കഴിവിലല്ല, ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കണം. നമ്മുടെ കഴിവിൽ ആശ്രയിച്ചാൽ നാം പരാജയപ്പെടും. ഭോഷത്തമെന്നു ലോകം പറയുന്ന കുരിശിനെ ജീവിതത്തിന്റെ എല്ലാ സാഹചര്യത്തിലും

മുറുകെ പിടിക്കണമെന്നും അച്ചൻ പഠിപ്പിച്ചു. ജനത്തോടൊപ്പം കരയാനും അവരോടൊപ്പം പൊട്ടിച്ചിരിക്കാനും കഴിയുന്ന ഒരു അജപാലന ഔത്സുക്യം ജീവിതത്തിലുടനീളം പുലർത്തിയ കോട്ടയ്ക്കലച്ചൻ തന്റെ ജീവിതത്തിൽ വചനം ഫലം പുറപ്പെടുവിക്കണമെന്ന് ശഠിച്ചിരുന്നു.

പാലാ രൂപതയുടെ മെത്രാനും അച്ചന്റെ വിദ്യാർത്ഥിയും സഹപ്രവർത്തകനുമായ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വടവാതൂർ സെമിനാരിയിലെ തന്റെ സ്നേഹാനുഭവങ്ങൾ പങ്കിട്ടു. ആത്മാവും ജീവനുമായ തിരുവചനത്തെ ആഴത്തിൽ സ്വാംശീകരിക്കുകയും പഠിപ്പിക്കുകയും ജീവിക്കുകയും ചെയ്ത കോട്ടയ്ക്കലച്ചനെപ്പറ്റി അനുസ്മരിച്ചുകൊണ്ട് അവസാനഭാഗത്തെ തിരുക്കർമ്മങ്ങൾ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് നിർവ്വഹിച്ചു. ആലഞ്ചേരി പിതാവ് തന്റെ അനുസ്മരണത്തിൽ കോട്ടയ്ക്കലച്ചന്റെ ജീവിതം 10 വർഷം സഹപ്രവർത്തകനെന്ന നിലയിൽ അടുത്ത് കണ്ടത് വിവരിച്ചു. ഏറ്റവും ലളിതമായ ജീവിതശൈലികൊണ്ടും വിനയംകൊണ്ടും സൗഹൃദംകൊണ്ടും സെമിനാരിക്കാരുടെ ഹൃദയം കീഴടക്കിയ വിവരം ആലഞ്ചേരി പിതാവ് അനുസ്മരിച്ചു. മരിയ വർഷത്തിൽ മരിയവിജ്ഞാനം എന്ന പുസ്തകമെഴുതിയ അച്ചൻ വലിയ മാതൃഭക്തനായിരുന്നു. സീറോമലബാർ സഭയിലെ വൈദികപ്രമുഖനാണ് കോട്ടയ്ക്കലച്ചനെന്ന് ആലഞ്ചേരി പിതാവ് പറഞ്ഞു.

പ്രാർത്ഥനയുടെയും ലാളിത്യത്തിന്റെയും ശൈലിയിലൂടെ ബ. ജോസഫ് കോട്ടക്കൽ അച്ചൻ നിർവഹിച്ച പൗരോഹിത്യ ശുശ്രൂഷവഴിയും സുദീർഘമായ അധ്യാപനവൃത്തിയിലൂടെയും സഭയ്ക്കും സമൂഹത്തിനും ഏറ്റവും അധികമായി നമ്മുടെ അതിരൂപതയ്ക്കും ദൈവം നൽകിയ അനുഗ്രഹങ്ങളെയോർത്ത് ദൈവത്തിനു നന്ദി പറയാം. അങ്ങയെപ്പോലെ വി. ഗ്രന്ഥത്തെ സ്നേഹിക്കാൻ ഞങ്ങൾക്ക് കഴിയട്ടെ. പിതാവായ ദൈവത്തിന്റെ ഭവനത്തിൽ തനിക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലത്തേക്ക് യാത്രയാകുന്ന ജോസഫ് കോട്ടക്കൽ അച്ചന് പ്രാർത്ഥനാമംഗളങ്ങൾ!!!

■

**സി. ലീമ കോട്ടയ്ക്കൽ SD**

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | | |
|---|---|---|
| ജനനം | : | 21/11/1926 |
| വ്രതവാഗ്ദാനം | : | 07/01/1950 |
| മരണം | : | 20/03/2021 |



# വാർത്തകളും വിശേഷങ്ങളും

## ഭാരതത്തിന് പുതിയ അപ്പസ്തോലിക് നുൺഷ്യോ

ഇന്ത്യയിലെ പുതിയ അപ്പസ്തോലിക് നുൺഷ്യോ ആയി ആർച്ച് ബിഷപ്പ് ലെയൊപോൾദൊ ജിരെല്ലിയെ (Archbishop Leopoldo Girelli) ഫ്രാൻസീസ് പാപ്പാ (13/03/2021) നാമനിർദ്ദേശം ചെയ്തു. ഇറ്റലി സ്വദേശിയായ അദ്ദേഹം ഇസ്രായേലിലെയും സൈപ്രസിലെയും അപ്പസ്തോലിക് നുൺഷ്യോ ആയും ജെറുസലേമിലെയും പലസ്തീനിലെയും അപ്പസ്തോലിക് ഡെലേഗേറ്റ് ആയും സേവനമനുഷ്ഠിച്ചു വരവെയാണ് പുതിയ നിയമനം. ഉത്തര ഇറ്റലിയിലെ പ്രെദൊരെ (Predore) എന്ന സ്ഥലത്ത് 1953 മാർച്ച് 13-നായിരുന്നു ആർച്ച്ബിഷപ്പ് ലെയൊപോൾദൊ ജിരെല്ലിയുടെ ജനനം. 1978 ജൂൺ 17-ന് പരോഹിത്യം സ്വീകരിച്ച അദ്ദേഹം 2006 ജൂൺ 17-ന് ആർച്ചുബിഷപ്പായി അഭിഷിക്തനായി.

## ദൈവത്തിന്റെ ശൈലി: സാമീപ്യം, അനുകമ്പ, ആർദ്രത!

യോഹന്നാന്റെ സുവിശേഷത്തിലെ (12.20-33) മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയം സമാഗതമായിരിക്കുന്നുവെന്നും താൻ ഭൂമിയിൽ നിന്നുയർത്തപ്പെടുമ്പോൾ സകലരെയും തന്നിലേയ്ക്കാകർഷിക്കു

മെന്നും യേശു പറഞ്ഞ സംഭവം ആയിരുന്നു ഫ്രാൻസിസ് പാപ്പാ മാർച്ച് 21-ാം തീയതി ഞായറാഴ്ചയിലെ തന്റെ ത്രികാലപ്രാർത്ഥനാ സന്ദേശത്തിൽ പരിചിന്തനം നടത്തിയത്.

യേശുവിന്റെ ചെയ്തികളിൽ ആകാംക്ഷപൂണ്ടവരായ ഏതാനും ഗ്രീക്കുകാർ പെസഹാതിരുന്നാളിന് ജറുസലേമിലെത്തിയ യേശുവിനെ കാണാൻ ആഗ്രഹിച്ചു. ആ ഗ്രീക്കുകാരുടെ ആഗ്രഹത്തിൽ, സഭയിലെ ഓരോരുത്തരോടും എല്ലായിടത്തും എക്കാലവും ഉന്നയിക്കുന്ന ഒരു ആവശ്യമുണ്ട്: "ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു."

ഈ ആഗ്രഹത്തോട് യേശു പ്രതികരിക്കുന്നത് ഇങ്ങനെയാണ്: "മനുഷ്യ പുത്രൻ മഹത്വപ്പെടേണ്ട സമയമായിരിക്കുന്നു. ...ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. എന്നാൽ, അത് അഴിയുന്നെങ്കിലോ ധാരാളം ഫലം പുറപ്പെടുവിക്കും" (യോഹ. 12.23-24).

യേശുവിനെ അന്വേഷിക്കാൻ ആഗ്രഹിക്കുന്ന ഓരോരുത്തരും ധാരാളം ഫലം പുറപ്പെടുവിക്കുന്നതിനായി അഴിയാൻ സന്നദ്ധരാകണം. അഴിയാൻ തയ്യാറായ മറഞ്ഞുകിടക്കുന്ന വിത്തുകളാണ് യേശു അന്വേഷിക്കുന്നത്. നിലത്ത് വീണ് അഴിയുന്ന ഗോതമ്പുമണി കുരിശാണ്. യേശുവിനെ കാണാനും, അവനെ അറിയാനും ഇന്നും പലരും ആഗ്രഹിക്കുന്നുണ്ട്. ഈ ആഗ്രഹം, എല്ലാവർക്കും പ്രത്യേകിച്ച്, സഭാസമൂഹത്തിന് വലിയ ഉത്തരവാദിത്വം ഏല്പിക്കുന്നുണ്ട്. സാമീപ്യം അനുകമ്പ, ആർദ്രത എന്നിവയടങ്ങിയ ദൈവത്തിന്റെ ശൈലികൊണ്ട് സാക്ഷ്യം നൽകി പ്രത്യുത്തരിക്കണമെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. യേശുവിനെ കാണാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി സമർപ്പണത്തിന്റെ അഴിഞ്ഞില്ലാതാകുന്ന ക്രിസ്തുവിനെ കാണിച്ചുകൊടുക്കുവാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2021 April - May

## Marriage Orientation Programme (MOP)
**(Online)**

| | | | |
|---|---|---|---|
| Apr 09-10 | Apr 20-21 | May 07-08 | May 21-22 |
| Apr 13-14 | Apr 23-24 | May 11-12 | May 25-26 |
| Apr 16-17 | Apr 30-May 01 | May 14-15 | May 29-30 |

**അനുയാത്ര - യുവ ദമ്പതികൾക്ക്**

| | | |
|---|---|---|
| ഏപ്രിൽ | 11 | ഓൺലൈൻ |

**ബേബിഷൈൻ ധ്യാനം**

| | | |
|---|---|---|
| ഏപ്രിൽ | 23-25 | ഓൺലൈൻ |

**ദമ്പതിധ്യാനം**

| | | |
|---|---|---|
| ഏപ്രിൽ | 16-18 | ഓൺലൈൻ |

**യൂദിത്ത് ഷൈൻ ധ്യാനം (വിധകൾക്ക്)**

| | | |
|---|---|---|
| ഏപ്രിൽ | 23-25 | ഓൺലൈൻ |

**ഫാമിലി ഔവർ**

| | | |
|---|---|---|
| ഏപ്രിൽ | 10 | യൂദിത്ത് ഫോറം |
| ഏപ്രിൽ | 17 | ഗ്രെയ്സ് റിപ്പിൾസ് |
| ഏപ്രിൽ | 24 | എം.സി.സി. |

**"അമോരിസ് ലെത്തീസ്യ കുടുംബവർഷം" 2021-2022**

2016 മാർച്ച് 19-ന്പരിശുദ്ധ പിതാവ് ഫ്രാൻസിസ് ർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനമായ "അമോരിസ് ലെത്തീസ്യ"യുടെ

(സ്നേഹത്തിന്റെ ആനന്ദം) അഞ്ചാം വാർഷീകം അടയാളപ്പെടുത്തുന്നതിനാണ് "അമോരിസ് ലെത്തീസ്യ കുടുംബവർഷം" പ്രഖ്യാപിച്ചിരിക്കുന്നത്.

2021 മാർച്ച് 19-ന് തുടങ്ങി 2022 ജൂൺ 26-ന് റോമിൽ നടക്കുന്ന ആഗോള കുടുംബ സംഗമത്തോടെ കുടുംബവർഷാചരണം സമാപിക്കും. "കുടുംബം: സ്നേഹത്തിലേക്കുള്ള വിളിയും വിശുദ്ധിയിലേക്കുള്ള വഴിയും" എന്നതാണ് ഇതിന്റെ ആപ്തവാക്യം.

**ഇടവകകൾക്കായുള്ള പരിപാടികൾ**

യൗസേപ്പിതാവിന്റെവർഷം, കുടുംബവർഷം എന്നിവയോടനുബന്ധിച്ച് (ഓൺലൈൻ അല്ലെങ്കിൽ ഓഫ്ലൈൻ ആയി) ഇടവകകൾക്കായി കുടുംബ പ്രേഷിതകേന്ദ്രം നിർദ്ദേശിക്കുന്ന ചില പരിപാടികൾ (For bookings: 9446559366; 8078334522)

**അമോരിസ് ലെത്തീസ്യ കുടുംബധ്യാനം:** ശ്രേഷ്ഠ ദാമ്പത്യ രൂപീകരണത്തിനായി ഇടവകതലത്തിൽ മൂന്ന്ദിവസങ്ങളിലായി (വൈകുന്നേരങ്ങൾ) കുടുംബങ്ങൾക്കുവേണ്ടി നടത്തുന്നധ്യാനം.

**ശ്രേഷ്ഠവാർദ്ധക്യം:** വാർദ്ധക്യത്തെ ഏറ്റവും ക്രിയാത്മകവും സന്തോഷപ്രദവും കൃപനിറഞ്ഞതുമാക്കാനുള്ള ഉൾകാഴ്ചകൾ മുതിർന്ന പൗരന്മാർക്ക് ഇടവകതലത്തിൽ നൽകുന്ന പരിപാടി.

**നിറവ്:** ഈവർഷത്തെ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷകളുടെ ആപ്തവാക്യമായ "സ്ത്രീ-പുരുഷ പൂരകത്വം ദാമ്പത്യ ശ്രേഷ്ഠതയ്ക്ക്" എന്നതിനെ അടിസ്ഥാനമാക്കിയുള്ള ദമ്പതീപരിശീലന പരിപാടിയാണ് "നിറവ്." വിവാഹത്തിൽ 25 വർഷം വരെയുള്ള ദമ്പതികൾക്കായി ഇടവകതലത്തിൽ രണ്ടരമണിക്കൂർ നീണ്ട ക്ലാസ്നൽകുന്നു.

**അനുയാത്ര:** ദാമ്പത്യത്തിന്റെ ആദ്യവർഷത്തിൽ യുവദമ്പതികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന രണ്ടരമണിക്കൂർ നീണ്ടുനിൽക്കുന്ന പരിപാടി. യുവദമ്പതികളെ അനുയാത്ര ചെയ്യണം എന്ന പരിശുദ്ധ പിതാവിന്റെ നിർദ്ദേശത്തിന്റെ ആവിഷ്ക്കാരമാണ് നവദമ്പതികളുടെ തുടർപരിശീലന പരിപാടിയായ ഈ മുന്നേറ്റം.

**മാധ്യമ അവബോധ പരിശീലനപരിപാടി:** കുട്ടികൾക്കും കൗമാര പ്രായക്കാർക്കുമായി ഇടവകതലത്തിൽ നടത്താൻ ആഗ്രഹിക്കുന്നു. ഡിജിറ്റൽ മാധ്യങ്ങളുടെ സ്വാധീനത്തിൽ നിന്നും കുട്ടികളെ പിന്തിരിപ്പിക്കുക എന്നതാണ് ഇവിടെ ലക്ഷ്യം വയ്ക്കുക.

## നന്ദിയോടെ....

കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഫൊറോനാ ഡയറക്ടർമാരായി സ്തുത്യർഹമായി സേവനം ചെയ്ത് പുതിയ സ്ഥലത്തേക്ക് മാറിപോകുന്ന ഫാ. ജോസഫ് പ്ലാക്കൽ (ചേർത്തല), ഫാ. ആന്റണി പരവര (വൈക്കം), ഫാ. തോമസ് മങ്ങാട്ട് (എറണാകുളം), ഫാ. ബൈജു കണ്ണംമ്പിള്ളി (കൊരട്ടി), ഫാ. പീറ്റർ കോയിക്കര (കാഞ്ഞൂർ), ഫാ. ജോമോൻ ശങ്കൂരിക്കൽ (പള്ളിപ്പുറം) എന്നിവർക്കു കുടുംബപ്രേഷിതകേന്ദ്രത്തിന്റെ നന്ദിയും പുതിയ ശുശ്രൂഷകളിൽ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# Department of Bible Apostolate

## നന്ദി

അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ പ്രഥമ പ്രസിദ്ധീകരണ സംരംഭമായ *'വിശുദ്ധവാരം: പ്രസംഗങ്ങളും ആരാധനകളും'* എന്ന പുസ്തകം വിതരണം ചെയ്യാൻ നേതൃത്വം നല്കിയ ഫൊറോന ഡയറക്ടർമാർ, ഫൊറോന വികാരിമാർ, കൊച്ചച്ചന്മാർ എന്നിവർക്കും സംഭാവനകൾ നൽകി സഹകരിച്ചവർക്കും ഹൃദയംഗമമായ നന്ദി.

## ഇടവക കോർഡിനേറ്റേഴ്സ്

ബൈബിൾ അപ്പസ്തോലേറ്റ് ഇടവക കോർഡിനേറ്റേഴ്സിന്റെ പേര് എതാനും ചില ഇടവകകളിൽ നിന്നും ഇനിയും ലഭിക്കുവാനുണ്ട്. വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

Renewal Centre, Azad Road, Kaloor, Kochi 682017
E-mail: ernakulameducation@gmail.com

**അദ്ധ്യാപക തസ്തികകളിലേക്കുള്ള എഴുത്തുപരീക്ഷ**

ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷ ഏപ്രിൽ മാസത്തിലേക്ക് മാറ്റിയതിനാൽ എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിലെ അദ്ധ്യാപക നിയമനത്തിനായി 10/04/2021 നിശ്ചയിച്ചിരുന്ന എഴുത്തുപരീക്ഷ **മെയ് 4-ാം തീയതി ചൊവ്വാഴ്ച**യിലേക്കു മാറ്റി നിശ്ചയിച്ചിരിക്കുന്നു. നേരത്തേ അറിയിച്ചിട്ടുള്ള സെന്ററുകളിൽതന്നെ രാവിലെ 10.30 മുതൽ 12.00 വരെ ആയിരിക്കും പരീക്ഷ നടക്കുക.

## Familia 2021

മാർച്ച് 11-ന് നടന്ന കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ വാർഷിക ദിനാഘോഷയോഗത്തിൽ കോർപ്പറേറ്റ് മാനേജർ റവ.ഡോ. പോൾ ചിറ്റിനപ്പിള്ളി ആദ്ധ്യക്ഷ്യം വഹിച്ചു. വികാരി ജനറാൾ റവ.ഡോ. ജോസ് പുതിയേടത്ത് ഉത്ഘാടനം നിർവഹിച്ചു. അസി. മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ ആശംസകൾ നേർന്നു സംസാരിച്ചു. വിരമിക്കുന്ന അദ്ധ്യാപകരെ ആദരിക്കുകയും ദേശീയ സംസ്ഥാന തലങ്ങളിൽ പ്രശസ്ത വിജയങ്ങൾ നേടിയ സ്കൂളുകളേയും, അദ്ധ്യാപകരേയും, വിദ്യാർത്ഥികളേയും അഭിനന്ദിക്കുകയും അവാർഡുകൾ സമ്മാനിക്കുകയും ചെയ്തു. വിരമിക്കുന്ന അദ്ധ്യാപകരുടെ പ്രതിനിധികളായി റവ.ഫാ. മൈക്കിൾ ആറ്റുമ്മേൽ, ശ്രീമതി ജെംസി ജോസഫ് എന്നിവർ മറുപടി പ്രസംഗവും നടത്തി.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**കോർപ്പറേറ്റ് മാനേജർ**

# Naipunnya International

**Broadway, Ernakulam Kochi 682031.**
0484-2381948, 2381949

## Welcome to the new Faces:

Rev. Fr. Sebastian Pottoly (Asst. Director)
Rev. Sr. Ancy Puthenpurckal DSHs. (Program Coordinator)
Rev. Sr. Mary Thonnammackal DSHs. (Italian Faculty)
Ms. Maria Losenna (Spanish Faculty)

## Welcome to all Fathers - Forane Coordinators:

| | | |
|---|---|---|
| Angamaly | : | Fr. Vinu Kunnel |
| Cherthala | : | Fr. Bibin Mulavarickal |
| Edapally | : | Fr. John Thyparambil |
| Kanjoor | : | Fr. Amal Odanattu |
| Ernakulam | : | Fr. Simon Palluppetta |
| Karukutty | : | Fr. Jithu Kurickavelichira |
| Kizhakambalam | : | Fr. Tony Maliyekal |
| Koratty | : | Fr. Christy Madathil |
| Manjapra | : | Fr. Mathew Varikkattupadam |
| Mookknnoor | : | Fr. Sinto Cheerakathil |
| Moozhikulam | : | Fr. Jose Maipan |
| Pallipuram | : | Fr. Petson Thekkinedath |
| Paravoor | : | Fr. Sijo Kiriyanthan |
| Thripunithura | : | Fr. Jessab Enchakattumannil |
| Vaikom | : | Fr. Praveen Vellattuparambil |
| Vallam | : | Fr. Jomish Vattakkara |

- **ടാലന്റ് ട്രാക്ക് : Contact : 9947489966**

– ടാലന്റ് ട്രാക്കിന്റെ നേതൃത്വത്തിൽ ഒരു അവധിക്കാല പ്രോഗ്രാം (ടാലന്റ് ട്രാക്കിങ്ങ് ക്യാമ്പ്) 2021 ഏപ്രിൽ 18 മുതൽ 24-ാം തീയതി വരെ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ടാലന്റ് ട്രാക്കിങ് ക്യാമ്പ് 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്ക് റിന്യൂവൽ സെന്ററിൽ താമസിച്ചായിരിക്കും നടത്തപ്പെടുക.

- ടാലന്റ് ട്രാക്കിന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ പ്രതിഭാ വികാസ് എഡിറ്റോറിയൽ ക്വിസ് നടത്തപ്പെടുന്നു. സമകാലീക കാര്യങ്ങളിൽ അറിവ് നേടുവാനും, വിശാല വീക്ഷണങ്ങൾ വളർത്തിയെടുക്കുവാനും ഈ ക്വിസ് വിദ്യാർത്ഥികൾക്ക് വളരെയധികം ഉപകരിക്കും.
- ഏപ്രിൽ മാസത്തെ ക്വിസ് : 10-ാം തീയതി രാവിലെ 12.00 മണി. ഓൺലൈനിൽ ആയിരിക്കും. ഈ ക്വിസ് എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ചയാകും നടത്തപ്പെടുക.

## നൈപുണ്യ അക്കാദമി, തൃക്കാക്കര.

**Contact: 9544919133**

- അവധിക്കാല പ്രോഗ്രാം : Talent Tracking non-residential
- PSC യുടെ പുതിയ ബാച്ച് ഏപ്രിൽ 8-ാം തീയതി ആരംഭിക്കുന്നു.
- IELTS, Communicative English ബാച്ചുകൾ എല്ലാ തിങ്കളാഴ്ച കളിലും ഉണ്ടായിരിക്കും
- BANK/SSC അഡ്മിഷൻ തുടരുന്നു.
- Law entrance / IPM entrance പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.
- UGC, paper 1, crash batch for May Exam.
- Vacation Special program, for students & House wives ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടായിരിക്കും.

## നൈപുണ്യ അക്കാദമി, അങ്കമാലി.

**Contact: 9544919155**

- അയർലന്റ്, UK നേഴ്സിനുള്ള 10 ദിവസത്തേക്കുള്ള Aptitude Training ഉണ്ടായിരിക്കും.
- IELTS/OET training നുള്ള അഡ്മിഷൻ നടന്നുവരുന്നു.

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### നന്ദി; സ്വാഗതം

ഒരുവർഷക്കാലം സഹൃദയ അസിസ്റ്റൻറ് ഡയറക്ടറായി സേവനം ചെയ്ത് അമ്പുനാട് ഇടവക വികാരിയായി സ്ഥലം മാറിപ്പോയ ബഹു. ജിനോ ഭരണികുളങ്ങരയച്ചന് കൃതജ്ഞതയർപ്പിക്കുന്നു. അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റ ബഹു. അൻസിൽ മൈപ്പാൻ അച്ചന് സ്വാഗതവും വിജയാശംസകളും നേരുന്നു.

### സഹൃദയ ആശ്വാസ് ഇൻഷുറൻസ് മൂന്നാം ഘട്ടം പ്രാബല്യത്തിൽ

സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചു നടപ്പാക്കുന്ന സഹൃദയ ആശ്വാസ് മെഡിക്ളയിം ഇൻഷുറൻസ് പദ്ധതി മൂന്നാം ഘട്ടം പ്രാബല്യത്തിലായി. അംഗത്വം നേടിയവരുടെ പോളിസി ഡോക്കുമെന്റ് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് അധികൃതർക്ക് കൈമാറി.

### വനിതാദിനാചരണങ്ങൾ മേഖലാതലത്തിൽ നടത്തി

സഹൃദയ വനിതാ സ്വയം സഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് അങ്കമാലി, കാലടി, ചേർത്തല, എറണാകുളം, പറവൂർ മേഖലകളിലായി വനിതാദിനാഘോഷങ്ങൾ സംഘടിപ്പിച്ചു.

### കാർബൺ ഫാസ്റ്റിങ് സൈക്കിൾ റാലി

പരിസ്ഥിതി സംരക്ഷണത്തിനുള്ള ജീവിതശൈലി ക്രമീകരണ പദ്ധതിയായ കാർബൺ ഫാസ്റ്റിങ് സന്ദേശവുമായി എറണാകുളത്തുനിന്നും മലയാറ്റൂർ പള്ളി വരെ സഹൃദയ സമരിറ്റൻസിന്റെ നേതൃത്വത്തിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു. അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ്, ഹൈബി ഈഡൻ എം.പി തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു.

### നബാർഡ്-സഹൃദയ യോഗ പരിശീലനം സമാപിച്ചു.

നബാർഡിന്റെ സഹകരണത്തോടെ സഹൃദയ നടപ്പാക്കിയ സ്വയം തൊഴിൽ വികസന പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച 30

ദിവസത്തെ യോഗ അധ്യാപക തീവ്ര പരിശീലനപരിപാടി സമാപിച്ചു. പങ്കെടുത്ത 30 പേരിൽ 17 പേർക്കും തൊഴിൽ കരസ്ഥമാക്കാൻ കഴിഞ്ഞ ഈ പദ്ധതി ഇന്ത്യയിൽ ആദ്യമായാണ് നബാർഡ് നടപ്പാക്കുന്നത്.

**വിളവെടുപ്പ്**

സഹൃദയയുടെ നേതൃത്വത്തിലുള്ള കറുകുറ്റി പാടശേഖരത്തിൽ ജൈവ നെൽകൃഷി വിളവെടുപ്പ് നടത്തി.

**മണ്ണിര ടാങ്ക് വിതരണം**

കോലഞ്ചേരി ഐക്കരനാട് പഞ്ചായത്തിലെ 100 കുടുംബങ്ങൾക്ക് സിന്തൈറ്റ് കമ്പനിയുടെ സി.വി.ജെ. ഗ്രാമോദയ പദ്ധതിയുടെ ഭാഗമായി മണ്ണിര കമ്പോസ്റ്റ് നടത്തുന്നതിനുള്ള ടെറാക്കോട്ട യുണിറ്റ് വിതരണം ചെയ്തു.

**സേവ് എ ഫാമിലി പ്ലാൻ സഹായ വിതരണം**

സേവ് എ ഫാമിലി പ്ലാൻ കുടുംബ സഹായ പദ്ധതി ഗുണഭോക്താക്കളായ എറണാകുളം, ചേർത്തല, അങ്കമാലി മേഖലകളിലെ കുടുംബങ്ങൾക്കായി ശാക്തീകരണ ക്ലാസും സഹായവിതരണവും സംഘടിപ്പിച്ചു.

**വൈപ്പിൻ മേഖലാതല സ്പർശൻ ഫെഡറേഷൻ മീറ്റിംഗ്**

ഭിന്നശേഷിക്കാരുടെ കൂട്ടായ്മയായ സഹൃദയ സ്പർശൻ ഫെഡറേഷന്റെ വൈപ്പിൻ മേഖലാതല യോഗം ഞാറക്കൽ പാരിഷ് ഹാളിൽ സംഘടിപ്പിച്ചു.

**ദുരന്തജാഗ്രതാ ക്ലിനിക്**

ആലങ്ങാട് പഞ്ചായത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന നവജീവൻ ദുരന്ത ജാഗ്രതാ ക്ലിനിക്കിന്റെ ആഭിമുഖ്യത്തിൽ കർമസേനാംഗങ്ങൾക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

ഒന്ന് മുതൽ ഒമ്പത് വരെ ക്ലാസ്സുകാരുടെ ഇവാല്യുവേഷൻ ടെസ്റ്റിന്റെ മാർക്കും, ഇന്റേണൽ അസ്സസ്സ് മെന്റ് മാർക്കും, ഹാജർശതമാനവും ഇടവകതലത്തിൽ അതത് സെമസ്റ്ററുകളുടെ സ്ഥാനത്ത് ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി **മെയ് 01** ആണെന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

## ഇന്റൻസീവ് ബൈബിൾ കോഴ്സ് (IBC)
## JustJo 2021

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി വേനൽക്കാലാവധിയിൽ ഇടവകതോറും കുട്ടികൾക്കായി നടത്തിയിരുന്ന കാറ്റിക്കിസം പ്രോഗ്രാം ആയിരുന്നു ഇന്റൻസീവ് കോഴ്സ്. ഈ പ്രോഗ്രാം കൂടുതൽ സജീവവും ആകർഷകവുമാക്കുവാൻ നമ്മുടെ അതിരൂപതയുടെ ശതാബ്ദി വർഷമായ 1996–ൽ (ഏപ്രിൽ) ഇന്റൻസീവ് ബൈബിൾ കോഴ്സ് (IBC) ആരംഭിച്ചു. വേനൽക്കാലാവധിക്ക് വിശ്വാസപരിശീലനക്ലാസ്സുകളുടെ ഭാഗമായി കുട്ടികൾക്ക് ഉല്ലസിക്കുവാനും ആഘോഷിക്കുവാനും സാധിക്കുന്ന പ്രോഗ്രാമായി IBC. ഇതിന് നല്ല സ്വീകാര്യതയാണ് നമ്മുടെ അതിരൂപതയിൽ ലഭിച്ചത്. പല രൂപതകൾക്കും IBC പ്രചോദനമായി.

അതിരൂപതയുടെ ശതോത്തര രജതജൂബിലി വർഷത്തിൽ IBC ആരംഭിച്ചതിന്റേയും രജത ജൂബിലി കൂടിയാണ് ഈ വർഷം. ഈ ആഘോഷവേളയിൽ നൂതനമായ ആശയാവിഷ്ക്കാരങ്ങളോടെ വിശ്വാസപരിശീലനം കൂടുതൽ ആകർഷകമാക്കുവാൻ ഇതാ IBC JustJo. നവമാധ്യമങ്ങളുടെയും സാങ്കേതികവിദ്യകളുടെയും സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന JustJo പാഠപുസ്തകം കാറ്റിക്കിസം മേഖലയിലെ പുതുപുത്തൻ കാൽവയ്പാണ്.

Joseph the Justman നീതിമാനായ യൗസേപ്പ് – (മത്തായി 1:19). ഈശോയുടെ വളർത്തുപിതാവായ വി. യൗസേപ്പിനു സുവിശേഷം നൽകുന്ന

ദൈവീകമായ ഈ വിശേഷണത്തെ സൂചിപ്പിക്കുന്ന പേരാണ് JustJo. ഫ്രാൻസിസ് മാർപാപ്പ യൗസേപ്പിതാവിന്റെ വർഷമായി (2020 ഡിസംബർ 08 മുതൽ 2021 ഡിസംബർ 8 വരെ) പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിലാണ് 2021-ലെ ഇന്റൻസീവ് ബൈബിൾ കോഴ്സിനു (IBC) JustJo എന്ന പേരു നൽകിയിരിക്കുന്നത്. തിരുക്കുടുംബത്തിന്റെ പാലകനായ വി. യൗസേപ്പിതാവിൽ വിളങ്ങിയിരുന്ന സവിശേഷ ഗുണങ്ങൾ കൂടുതലായി അറിയുവാൻ, പഠിക്കുവാൻ, സഹായിക്കുക എന്നതാണ് ഈ JustJo -യിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഓരോ പ്രായക്കാരുടെയും അഭിരുചിക്കനുസരിച്ചാണ് വർക്കുബുക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

| | | |
|---|---|---|
| JoKids | : | നഴ്സറി & എൽ.പി. വിഭാഗം |
| JoTeens | : | യു.പി. വിഭാഗം |
| JoStars | : | എച്ച്.എസ്. & ഡിപ്ലോമ വിഭാഗം |

ഓരോ വിഭാഗത്തിനും വേണ്ടുന്ന പഠനവിഷയങ്ങൾ, കഥകൾ, ആക്റ്റിവിറ്റീസ്, ആക്ഷൻസോങ്സ്, കുടുംബതലത്തിലും ഇടവകതലത്തിലും നടത്തുവാൻ സാധിക്കുന്ന മത്സരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പലതും വർക്കുബുക്കിൽ QR Code ഇമേജായി നൽകിയിട്ടുണ്ട്. മൊബൈൽ ഫോണിലെ QR Code Scanner/Readerലൂടെ ഇവ കാണാനും കേൾക്കാനും കഴിയും. മൊബൈൽ ഫോണിൽ QR Code Scanner/Reader ഇല്ലായെങ്കിൽ ഇതിന്റെ ലിങ്കുകൾ WhatsApp-ലൂടെ പ്രധാനാദ്ധ്യാപകർവഴി ലഭ്യമാക്കുന്നതാണ്. ഓരോ അദ്ധ്യായത്തിലും ആക്റ്റിവിറ്റീസും മറ്റും ചെയ്യേണ്ട കാര്യങ്ങളും QR Code-ലൂടെ വിശദീകരിക്കുന്നുണ്ട്. അപ്രകാരം വികാരിയച്ചന്മാർക്കും, ടീച്ചേഴ്സിനും, ആനിമേറ്റേഴ്സിനും, മാതാപിതാക്കൾക്കും, കുട്ടികൾക്കും എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. ഓരോ അദ്ധ്യായവും പരിചയപ്പെടുവാനും പഠിക്കുവാനും കുട്ടികൾക്ക് രസകരമായി ആക്റ്റിവിറ്റീസ് ചെയ്യുവാനും ഇതിലൂടെ സാധിക്കും.

JoKids, JoTeens, JoStars എന്നിങ്ങനെ മൂന്നു വിഭാഗത്തിലുള്ളവർക്കായി വർക്കുബുക്കുകൾ നൽകിയിരിക്കുന്നത് സൗകര്യാർത്ഥം ക്ലാസ്സുകൾ നടത്തുന്നതിനുവേണ്ടിയാണ്. കോവിഡ് മാനദണ്ഡങ്ങൾ, ഇലക്ഷൻ,

വിവിധ പരീക്ഷകൾ എന്നിവ കണക്കിലെടുത്ത് ഇന്റൻസീവ് ബൈബിൾ കോഴ്സ് ഓരോ വിഭാഗത്തിനുമായിട്ടൊ, ക്ലാസ്സടിസ്ഥാനത്തിലൊ, സാഹചര്യമനുസരിച്ച് പള്ളിയിലൊ, ഭവനത്തിലൊ നടത്താം.

പാഠങ്ങൾ വായിക്കുവാനും അതേസമയം ഓൺലൈൻ പ്രോഗ്രാംസിൽ പങ്കെടുക്കുവാനും ആക്ടിവിറ്റീസ് ചെയ്യുവാനും സഹായിക്കുന്നതിനു വേണ്ടിയാണ് പാഠപുസ്തകങ്ങൾ നൽകുന്നത്. ടീച്ചേഴ്സിന്റെ നേതൃത്വ ത്തിൽ കുട്ടികൾക്കു ചെയ്യുവാനും ഭവനത്തിൽ മാതാ പിതാക്കൾക്കും കുട്ടികൾക്കും ഒരുമിച്ചു ചെയ്യുവാനുമുള്ള കാര്യങ്ങൾ വർക്കുബുക്കിൽ നൽകി യിട്ടുണ്ട്. കൂടാതെ ഇടവകതലത്തിലുള്ള മത്സരങ്ങളും.

IBC പുസ്തകങ്ങൾ എല്ലാ ഇടവകയിലും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുവാൻ ശ്രമിക്കുമല്ലോ. കുട്ടികളെ ഒരുമിച്ചുകൂട്ടി പള്ളിയിൽ IBC നടത്തുവാൻ സാധിച്ചില്ലായെങ്കിൽപോലും IBC@ Home വിജയകര മാക്കാം. അതിനുള്ള സാധ്യതകളും വർക്കുബുക്കിൽ ഉൾപ്പെടുത്തിയി ട്ടുണ്ട്. IBC-യുടെ അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം ഏപ്രിൽ 5-ാം തീയതി വൈകിട്ട് 7.00 നാണ്.

IBC ഇടവകതലത്തിൽ നടത്തേണ്ട തീയതികൾ ഇടവകയിൽ തീരുമാനി ക്കാം. വർക്കു ബുക്കിൽ ആറു അദ്ധ്യായങ്ങൾ നൽകിയിട്ടുണ്ട്. ഓരോ ദിവസത്തേയ്ക്കും ഒരു അദ്ധ്യായം വീതം. അതിനാൽ IBC-ക്ക് ആറു ദിവസങ്ങൾ ഉൾപ്പെടുത്തണം. ഏപ്രിൽ 7-ാം തീയതി മുതൽ 30-ാം തീയതി വരെയുള്ള ദിവസങ്ങൾക്കുള്ളിൽ നഴ്സറി മുതൽ 9-ാം ക്ലാസ്സു കാർ ഉൾപ്പെടെയുള്ളവർക്ക് ഇന്റൻസീവ് ബൈബിൾ കോഴ്സ് പ്രോഗ്രാം ചെയ്യുന്നത് അഭികാമ്യം. പത്താം ക്ലാസ്സ് & ഡിപ്ളോമ കുട്ടികൾക്ക് മേയ് 12 മുതൽ 19 വരെയുള്ള തീയതികൾ ഉപയോഗപ്പെടുത്താൻ സാധിക്കും.

അതിരൂപതയിലെ വിശ്വാസപരിശീലനത്തിന്റെ ഭാഗമായിട്ടുള്ള വേനൽക്കാലാവധിയിലെ കാറ്റിക്കിസം പ്രോഗ്രാം ആയ IBC ഓരോ ഇടവകയിലും സജീവമായി നടത്തുവാൻ ഉത്സാഹിക്കുമല്ലോ.

മാർച്ചു മാസം മുതൽ ഫൊറോനതലത്തിൽ ഫൊറോന കൗൺസിലി ന്റെയും പ്രധാനാധ്യാപകരുടെയും അതിരൂപതാകേന്ദ്രത്തിന്റെയും നേതൃത്വത്തിൽ സംയുക്തമീറ്റിംഗ് നടന്നുകൊണ്ടിരിക്കുന്നു. ഒൻപത്

ഫൊറോനകളിലെ മീറ്റിംഗ് കഴിഞ്ഞു. പ്രസ്തുത മീറ്റിംഗിൽ വച്ച് 2019-2020 വിശ്വാസപരിശീലന വർഷത്തിൽ A+ നേടിയ കുട്ടികൾക്കുള്ള അവാർഡ് മെമന്റോയും അതിരൂപതാകേന്ദ്രത്തിൽ നിന്ന് നടത്തിയ മത്സരങ്ങളുടെ സമ്മാനങ്ങളും നൽകുന്നു.

**ഏവൻഗെലിയോൻ മെഗാ ഗോസ്പൽ ക്വിസ്:**

മാർച്ച് മാസത്തിൽ നടത്താനിരുന്ന ഏവൻഗെലിയോൻ മെഗാ ഗോസ്പൽ ക്വിസ്സ് ചില സാങ്കേതിക കാരണങ്ങളാൽ നടത്താൻ സാധിച്ചില്ല. മെഗാ ഗോസ്പൽ ക്വിസ്സിന്റെ നാലാമത്തെ എപ്പിസോഡിന്റെ നിർദ്ദേശങ്ങൾ മിസ്സത്തിലൂടെ (ഡിസംബർ, പേജ് 33-35) നൽകിയിട്ടുണ്ട് ശ്രദ്ധിക്കുമല്ലോ. ഏപ്രിൽ 17-ാം തീയതി വി. യോഹന്നാന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള നാലാമത്തെ എപ്പിസോഡിനായി പഠിച്ച് ഒരുങ്ങുമല്ലോ.

**ക്വിസ് നടക്കുന്നത് ശനിയാഴ്ച വൈകിട്ട് 8.00 മണിക്ക് ആയിരിക്കും.**

| തീയതി | ശനിയാഴ്ച | സുവിശേഷം | പ്രോഗ്രാം |
|---|---|---|---|
| ഏപ്രിൽ 17 | Episode- 4 | വി.യോഹന്നാൻ | ക്വിസ്സ് |
| ഏപ്രിൽ 24 | Episode- 4 | വി.യോഹന്നാൻ | ഉത്തരങ്ങൾ |

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ഫെബ്രുവരി 2021**

15 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ്, വല്ലകത്ത് ബ. തോമസ് വൈക്കത്തുപറമ്പിൽ അച്ചന്റെ വന്ദ്യമാതാവിന്റെ നിര്യാണത്തിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 ആന്റണി കരിയിൽ പിതാവ് ഇടപ്പള്ളി ഇടവകാംഗമായ അഡ്വ. ലിറ്റോ പാലത്തിങ്കലിന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 ആന്റണി കരിയിൽ പിതാവ് കളമശ്ശേരി സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസിൽ ബ്ര. പോൾ വർഗ്ഗീസ് തെക്കിനേടത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് ചങ്ങമ്പുഴനഗർ ഇടവകാംഗമായ ഇഞ്ചോടി ജോസഫ് മകൻ വിശാലിന്റെ മൃതസംസ്കാര ശുശ്രൂഷയിലെ ഭവനത്തിലെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

24 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര ഭാരതമാത കോളേജിൽ നടന്ന 18-മത് കർദിനാൾ ജോസഫ് പാറേക്കാട്ടിൽ സ്മാരക പ്രഭാഷണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

27 ആന്റണി കരിയിൽ പിതാവ് രാവിലെ അങ്കമാലി സുബോധനയിൽ നസ്രാണി പൈതൃകം വാർഷിക സമ്മേളനത്തിൽ സംബന്ധിച്ചു. മറ്റൂർ പി.ഡി.ഡി.പി. യിൽ നടന്ന യോഗത്തിൽ പുതിയ ചെയർമാനെ പ്രഖ്യാപിച്ചു. മുൻ ചെയർമാന് യാത്രയയപ്പ് നൽകി. വൈകുന്നേരം അരമനയിൽ വച്ച് അതിരൂപതാ മൈനർ സെമിനാരി ആദ്യവർഷ വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

28 ആന്റണി കരിയിൽ പിതാവ് എറണാകുളം ബസിലിക്കയിൽ സഹൃദയ സമരിറ്റൻസിന്റെ നേതൃത്വത്തിൽ നടത്തിയ 'കാർബൺ ഫാസ്റ്റിംഗ് സൈക്കിൾ റാലി' യുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

## മാർച്ച് 2021

1 ജോർജ് ആലഞ്ചേരി പിതാവ് പി.ഒ.സി.യിൽ ബ. ജോസഫ് കുരിക്കൂർ അച്ചന്റെ അശീതി ആഘോഷങ്ങളുടെ ഭാഗമായി നടന്ന വിശുദ്ധ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. മൂക്കന്നൂർ സി. എസ്. റ്റി. ബ്രദേഴ്സിന്റെ മാതൃഭവനത്തിൽ ബ്രദർ ജോസ് പുതിയേടത്തിന്റെ മൃതസംസ്കാരശുശ്രൂഷയുടെ സമാപന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. കറുകുറ്റി സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ ബ. സെബാസ്റ്റ്യൻ പൈനാടത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ സമാപന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് രാവിലെ മൂക്കന്നൂർ സി.എസ്.റ്റി. ആശ്രമത്തിൽ ബ്രദർ ജോസ് പുതിയേടത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. ഉച്ചകഴിഞ്ഞ് കറുകുറ്റി ഫൊറോനാ പള്ളിയിൽ ബ. സെബാസ്റ്റ്യൻ പൈനാടത്ത് അച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയോടനുബന്ധിച്ച് വി. കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

3 ജോർജ് ആലഞ്ചേരി പിതാവ് വാഴക്കാല ഡി.എസ്.റ്റി. മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. സീറോമലബാർ സഭയിലെ വിവിധ ഓഫിസുകളിലെ സെക്രട്ടറിമാരുമായി ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ സംവദിച്ചു.

ആന്റണി കരിയിൽ പിതാവ് വൈകിട്ട് മലയാറ്റൂരിൽ ആരംഭിച്ച ഇമ്മാനുവൽ ക്രിസ്റ്റീൻ സെന്ററിന്റെ ആശീർവാദം നിർവ്വഹിച്ചു.

4 ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർ സഭയിലെ ഫിനാൻസ് ഓഫീസർമാരുമായി ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ സംവദിച്ചു.

ആന്റണി കരിയിൽ പിതാവ് രാവിലെ കീഴ്മാട് ഡോൺ ബോസ്കോ സെമിനാരിയിൽ ബ. മാത്യു തെക്കേക്കര അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. ഡോൺ ബോസ്കോ സെമിനാരി സന്ദർശിച്ചു. കലൂർ റിന്യൂവൽ സെന്ററിൽ അതിരൂപതാ ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിലുള്ള അദ്ധ്യാപകരുടെ യാത്രയയപ്പു സമ്മേളനം ഉദ്ഘാടനം ചെയ്തു.

6 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം അന്നനാട് പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

7 ആന്റണി കരിയിൽ പിതാവ് രാവിലെ ഏഴാറ്റുമുഖം പള്ളിയിൽ ഇടവകപ്രഖ്യാപനം നടത്തി.

8 ആന്റണി കരിയിൽ പിതാവ് വൈകിട്ട് മൂക്കന്നൂർ സി.എസ്.റ്റി. ബേസിൽഭവനിൽ ഫാ. റോബർട്ട് കളാരൻ സി.എസ്.റ്റി. യുടെ മൃതദേഹസംസ്ക്കാര ശുശ്രൂഷയുടെ സമാപനത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു.

10 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമ സമിതിയുടെ പ്രത്യേക യോഗത്തിൽ പങ്കെടുത്തു.

11 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം പൊങ്ങം നൈപുണ്യ കോളേജിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥിനിക്ക് സമ്മാനം നൽകി. കാടുകുറ്റി പള്ളിയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ച് പൊതുസമ്മേളനത്തിൽ സംബന്ധിച്ചു.

12 ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർസഭയിലെ മെത്രാന്മാർക്കുള്ള മാസധ്യാനത്തിൽ പങ്കെടുത്തു.

14 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ ആദ്യ വർഷ വിദ്യാർത്ഥികളുടെ പാരന്റ്സ് ഡേ-യിൽ വി. കുർബാന അർപ്പിച്ച് സമ്മേളനത്തിൽ പങ്കെടുത്തു.

16 ജോർജ് ആലഞ്ചേരി പിതാവ്, എ.കെ.സി.സി. യുടെ ആദ്യ പ്രസിഡന്റ് ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ ഭവനത്തിൽ ചെന്ന് ശതാഭിഷേക മംഗളങ്ങൾ നേർന്നു.

17 ജോർജ് ആലഞ്ചേരി പിതാവ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തീയോളജി ആൻഡ് ഫിലോസഫി ആസ്ഥാന മന്ദിരം ആശീർവ്വദിച്ചു. കവരപ്പറമ്പ് ലിറ്റിൽ ഫ്ളവർ പള്ളിയിൽ ബ. ജോസഫ് കോട്ടയ്ക്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കവരപ്പറമ്പ് പള്ളിയിൽ ബ. ജോസഫ് കോട്ടയ്ക്കൽ അച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയോടനുബന്ധിച്ച് വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 ജോർജ് ആലഞ്ചേരി പിതാവ് കാക്കനാട് സെന്റ് ഫ്രാൻസിസ് അസ്സീസി പള്ളിയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചു നടന്ന വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് എറണാകുളം ലിസി ആശുപത്രിയിൽ പുതുതായി പണികഴിപ്പിച്ച പാർക്കിംഗ് & റെസിഡൻഷ്യൽ ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. യൗസേപ്പിതാ വർഷ

ത്തോടനുബന്ധിച്ച് വൈകിട്ട് എറണാകുളം അരമനയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ രൂപം ആശീർവദിച്ച് പ്രതിഷ്ഠിച്ചു.

20 ജോർജ് ആലഞ്ചേരി പിതാവ് ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ നടന്ന റോസമ്മ അഗസ്റ്റിൻ ആലഞ്ചേരിയുടെ മൃതസംസ്കാരശുശ്രുഷയുടെ സമാപനകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.സിറോമലബാർ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ സംഘടിപ്പിച്ച 59-ാമത് സെമിനാർ ഓൺലൈൻ വഴി ഉദ്ഘാടനം നിർവഹിച്ചു.

ആന്റണി കരിയിൽ പിതാവ്, രാവിലെ മറ്റൂരിൽ ബ. വർഗീസ് അറയ്ക്കലച്ചന്റെ വന്ദ്യ മാതാവിന്റെ മൃതദേഹത്തിങ്കൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി.

21 ജോർജ് ആലഞ്ചേരി പിതാവ്, 24-ാമത് മഹാതീർത്ഥാടനത്തോടനുബന്ധിച്ചു പാലയൂർ സെന്റ് തോമസ് ആർക്കിഎപ്പിസ്കോപ്പൽ പള്ളിയിൽ നടന്ന വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് രാവിലെ റിന്യൂവൽ സെന്ററിൽ അതിരൂപതാ കെ.സി.വൈ.എം. വാർഷിക ജനറൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കൊറ്റമം പള്ളിയിൽ നാല്പത് മണി ആരാധനയുടെ സമാപനശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ച്, ദിവ്യകാരുണ്യസമ്മേളനത്തിൽ പ്രഭാഷണം നടത്തി.

* * * * *

# Family Year Inauguration





# Inauguration Immanuel Christeen Centre Malayattoor



Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.04.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




*O dearest St. Joseph, I consecrate myself to thy honour and give myself to thee, that thou mayest always be my father, my protector, and my guide in the way of salvation. Obtain for me a great purity of heart and a fervent love of the interior life. After thine example, may I do all my actions for the greater glory of God, in union with the Divine Heart of Jesus and the Immaculate Heart of Mary! And do thou, O Blessed St. Joseph, pray for me that I may share in the peace and joy of thy holy death Amen.*

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan